# Kerala State Human Rights Commission Bulletin

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വാർത്താപത്രിക

Vol.2
Issue.22
April 2014-June 2014


ഉള്ളതുപറഞ്ഞാൽ നോവരുത്
- ജസ്റ്റിസ് ജെ.ബി. കോശി

നിരപരാധിക്ക് പീഡനം
10000 രൂപ നഷ്ടപരിഹാരം

## അനാഥാലയങ്ങളിൽ സംഭവിക്കുന്നത്

ഇടതുകാലിനു പകരം
വലതുകാലിൽ ശസ്ത്രക്രിയ;
ഒരു ലക്ഷം നഷ്ടപരിഹാരം



## സന്ദേശം

# ഉള്ളതുപറഞ്ഞാൽ നോവരുത്

**ജസ്റ്റിസ് ജെ.ബി. കോശി**



മലയാളികളെ അവകാശങ്ങളെക്കുറിച്ച് പഠിപ്പിക്കേണ്ട കാര്യമില്ല. രാഷ്ട്രീയപാർട്ടികളും സംഘടനകളും അവകാശങ്ങളെക്കുറിച്ച് ശരിയായ ബോധവത്ക്കരണം അവർക്ക് നൽകിയിട്ടുണ്ട്. അവകാശങ്ങളെക്കുറിച്ച് നല്ല ബോധമുള്ളവർ പക്ഷേ, കടമകളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. പണ്ട് ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയായിരുന്നു മനുഷ്യാവകാശങ്ങൾ. പിന്നീട് അത് കുടിവെള്ളം, ശുദ്ധവായു, കൃഷി, പഠനം, ജോലി തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള അവകാശങ്ങളായി വളർന്നു വികസിച്ചു. സംഘടനകളുണ്ടാക്കാനുള്ള അവകാശവും വന്നുചേർന്നു. നേരത്തെ ജോലിക്കാരന് തന്റെ മാസ്റ്റർ അയാളുടെ ജോലി കൊള്ളാമെന്ന് അഭിനന്ദിച്ചാൽ അയാൾക്ക് എല്ലാമാകുമായിരുന്നു. ഇന്ന് അതുമാത്രം പോരാ.

ഇന്ന് മൗലികാവകാശങ്ങളുടെ ലംഘനങ്ങൾ വർദ്ധിച്ചുവരുന്നു. ഹർത്താലും സമരങ്ങളും ഉദാഹരണം. സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് സമരം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സമരം ചെയ്യാൻ അവകാശമുണ്ട്. എന്നാൽ ജോലി ചെയ്യുന്നവർക്ക് അത് ചെയ്യാനുമുള്ള അവകാശമുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇവിടെ എത്ര ഹർത്താലുകളുണ്ടായി? പ്രാദേശിക തലത്തിൽ പ്രഖ്യാപിക്കപ്പെടുന്നവയുടെ എണ്ണവും എടുക്കണം. ആശുപത്രിയിൽ പോകാനും പഠിക്കാൻ പോകാനും ഹർത്താൽ തടസ്സം നിൽക്കുന്നു. ഹർത്താലെന്ന് കേട്ടാൽ സർവ്വകലാശാലകൾ പരീക്ഷകൾ റദ്ദാക്കും. ഹർത്താൽ ഏറ്റവുമധികം ബാധിക്കുന്നത് പാവപ്പെട്ടവരെയാണ്. അന്നന്ന് ജോലി ചെയ്തു കിട്ടുന്ന പണം കൊണ്ട് ജീവിക്കുന്നവരെയാണ്. സി.സി. വഴി ബാങ്ക് വായ്പയെടുത്ത് കാർ വാങ്ങി ഓടിച്ച് ജീവിക്കുന്നവരെയാണ്. ഭാരത് ബന്ദ് എന്ന് പറഞ്ഞാൽ കേരളത്തിൽ ബന്ദാണെന്നാണ് അർത്ഥം. ഒരു ഭാരത് ബന്ദ് ദിവസം ഞാൻ ഡൽഹിയിൽ പോയി. അവിടെ ബന്ദ് പോയിട്ട് ബന്ദിന്റെ കാറ്റ് പോലുമില്ല. കേരളത്തിലാണെങ്കിൽ കടകമ്പോളങ്ങൾ അടച്ചിട്ട് അവധി ആഘോഷിക്കും.

മനുഷ്യാവകാശ സംരക്ഷണം എന്ന വാക്കിന്റെ പ്രാഥമികമായ അർത്ഥം മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാതിരിക്കുക എന്നാണ്. വളർന്നുവരുന്ന തലമുറ എന്താണ് കാണിക്കുന്നത്? വളരെക്കാലം നമ്മളെ കൊണ്ടുനടന്ന് പഠിപ്പിച്ചവരെ നമ്മൾ തള്ളിപ്പറയുന്നു. വയോധികരെ ഡിസ്പോസിബിൾ കപ്പ് പോലെയാണ് പുതിയ തലമുറ കാണുന്നത്. അതുകൊണ്ടാണ് മാതാപിതാക്കളെ ഗുരുവായൂരിലും വേളാങ്കണ്ണിയിലും നേർച്ചക്കെന്ന് പറഞ്ഞ് കൊണ്ടുപോയി ഉപേക്ഷിക്കുന്നത്.

സാമൂതിരി കുടുംബത്തിൽപ്പെട്ട ഒരാളുടെ അനുഭവം പറയാം. അച്ഛന്റെയും അമ്മയുടെയും സ്വത്തുക്കൾ വിറ്റ് മകൻ അവരെയും കൊണ്ട് മദ്രാസിന് പോയി. ആയിടെ അച്ഛന്റെ കാലൊടിഞ്ഞു. തിരുവനന്തപുരത്ത് കൊണ്ടുപോയി ചികിത്സിക്കാമെന്നായി മകൻ. അച്ഛനും അമ്മയും മകനും തിരുവനന്തപുരത്തു വന്നു. മെഡിക്കൽ കോളേജിലെത്തി ഡോക്ടറെ കണ്ടശേഷം മകൻ മുങ്ങി. അച്ഛന് മദ്രാസിലെ മകന്റെ വിലാസം അറിയില്ല.

അച്ഛൻ മകളെ വിൽക്കുന്ന വാർത്തകൾ നിരന്തരമായി വരുന്നു. കണ്ണൂരിന് സമീപം ഒരു സംഭവമുണ്ടായി. അച്ഛനും സഹോദരനും ചേർന്ന് പെൺകുട്ടിയെ പീഡിപ്പിച്ചു. അമ്മ അവർക്കെതിരെ പരാതി നൽകി. ഒടുവിൽ നാട്ടുകാർ തങ്ങളുടെ കോളനിയുടെ സൽപേര് കളങ്കപ്പെടുത്തിയെന്ന് ആരോപിച്ച് അമ്മയെ അവിടെ നിന്നും ഓടിച്ചു.

ഇത് ബ്ലേഡു കമ്പനിക്കാരുടെ കാലമാണ്. പാവങ്ങളാണ് ഇത്തരത്തിൽ പീഡിപ്പിക്കപ്പെടുന്നത്. പരാതി നൽകിയാൽ പോലീസുകാരിൽ ഒരു വിഭാഗം കൈക്കൂലി വാങ്ങി കേസ് ഒത്തുതീർക്കും, പറയുന്നിടത്ത് ഒപ്പിടുവിക്കും. ഇപ്രകാരം വ്യാജരേഖകൾ ഉണ്ടാക്കും. പാറമടയെയും മണ്ണുമാഫിയകളെയും സഹായിക്കുന്ന ഉദ്യോഗസ്ഥർക്ക് പഴയതിനെക്കാളും ശമ്പളവും പെൻഷനുമുണ്ട്. പിന്നെ എന്തിനാണ് ഇവർ കൈക്കൂലി വാങ്ങുന്നതെന്ന് മനസ്സിലാവുന്നില്ല. കേരളത്തിൽ മികച്ച രീതിയിൽ ജോലി ചെയ്യുന്ന സർക്കാർ, പോലീസ് ഉദ്യോഗസ്ഥരുണ്ട്. എന്നാൽ അവരിൽ ഒരു ചെറിയ ശതമാനം മറ്റുള്ളവർക്ക് കൂടി കളങ്കമുണ്ടാക്കുന്ന തരത്തിൽ പെരുമാറുന്നു. അടുത്ത തലമുറയെങ്കിലും ഇത്തരം അരാജവാദികൾക്കെതിരെ രംഗത്തുവരണം. ഹർത്താൽ നടത്താൻ പാടില്ലെന്നും കൈക്കൂലി വാങ്ങാൻ പാടില്ലെന്നും അവർ പഴയ തലമുറയെ പറഞ്ഞു പഠിപ്പിക്കണം.

ഓരോ ഇന്ത്യൻ പൗരനും പലതരത്തിലുള്ള സബ്സിഡികൾ കിട്ടുന്നുണ്ട്. അത് മറ്റുള്ളവർക്ക് കൂടി പ്രയോജനകരമായ വിഷയത്തിന് വിനിയോഗിക്കണം. മറ്റ് മനുഷ്യരുടെ ആവശ്യത്തിന് സഹായിക്കുക എന്നത് ഓരോ പൗരന്റെയും മൗലികമായ കടമയാണ്. അങ്ങനെ പരസ്പരം സഹായിച്ചാൽ മാത്രമേ ഒരു സമൂഹമായി ഭാരതത്തിന് മുന്നോട്ടു പോകാനാവൂ.

ലക്ഷക്കണക്കിന് കുട്ടികൾക്ക് ഇന്നും വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഞാൻ ചീഫ് ജസ്റ്റിസ് ആയിരുന്ന ബീഹാറിൽ 60 ലക്ഷത്തിലേറെ പേർ നിരക്ഷരരാണ്. 60% പേർക്ക് ഭൂമിയി

ല്ല. 14 കുട്ടികൾ വീതം ഓരോ കുടുംബത്തിലുമുണ്ട്. ബീഹാറിലെ സ്കൂളിൽ കുട്ടികൾക്ക് നൽകേണ്ട ഉച്ചക്കഞ്ഞിയിൽ അഴിമതി നടക്കുന്നുണ്ട്. മുൻനിരജാതിയല്ലെങ്കിൽ കഞ്ഞി മണ്ണിൽ കുഴച്ചിട്ടാണ് നൽകുക. ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾ കേരളത്തിലില്ല. സഹജീവികളുടെ മനുഷ്യാവകാശം സംരക്ഷിക്കാൻ സകലമാനപേരുടെയും മനുഷ്യാവകാശം രക്ഷിക്കണം.

സാമ്പത്തിക സുരക്ഷിതത്വമില്ലാത്ത കുട്ടികളെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുവന്നാൽ കൃത്യമായി അറസ്റ്റ് രേഖപ്പെടുത്തില്ല. ഏതെങ്കിലും സമയത്ത് അറസ്റ്റ് രേഖപ്പെടുത്തിയശേഷം രാത്രിയിൽ മജിസ്ട്രേറ്റിന്റെ വീട്ടിൽ ഹാജരാക്കും. പോലീസ് ഉപദ്രവിച്ചോ എന്ന കോളത്തിൽ ഇല്ല എന്നും എഴുതും. വീട്ടിൽ ഹാജരാക്കുന്നവരെ മജിസ്ട്രേറ്റ് റിമാന്റ് ചെയ്യും. പണസ്വാധീനവും രാഷ്ട്രീയസ്വാധീനവും ഉള്ളവർക്ക് പോലീസിനെക്കൊണ്ട് ഇത്തരം ബുദ്ധിമുട്ടുകളൊന്നുമുണ്ടാവില്ല.

മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകുന്നവരിൽ അധികവും പട്ടിണി പാവങ്ങളാണ്. ഒരിക്കൽ ആർമിയിൽ ഉദ്യോഗസ്ഥനായിരുന്ന ഒരാൾ പരാതി നൽകാൻ വന്നു. അതിർത്തി ജോലി ചെയ്യുന്നതിനിടയിൽ ചെറിയ മാനസിക പ്രശ്നമുണ്ടായി. ജോലിയിൽ നിന്നും പറഞ്ഞുവിട്ടു. കുറെക്കാലം സഹോദരങ്ങൾ നോക്കി. തുടർന്ന് അയാളുടെ വീഴ്ചകൾ എടുത്തുപൊക്കി അവർ അയാളെ തെരുവിൽ ഉപേക്ഷിച്ചു. പിന്നീട് പുറമ്പോക്കിൽ താമസിക്കുന്ന ഒരു ചുമട്ടുതൊഴിലാളിയുടെ ഭാര്യയുടെ സഹോദരിയുടെ വീട്ടിൽ അയാൾ താമസമാക്കി. പരാതി നൽകാൻ വന്നിട്ട് പോകാതായപ്പോൾ ഞാൻ കാര്യം പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. എന്നിട്ടും അയാൾ പോകുന്നില്ല. പിന്നീട് കാരണം പറഞ്ഞു. സഹോദരി നൽകിയ 15 രൂപയുമായാണ് അയാൾ വന്നത്. പണം തീർന്നു. ഭക്ഷണം കഴിച്ചിട്ടില്ല. ഒടുവിൽ ഞാൻ പണം നൽകി അയാളെ പറഞ്ഞയച്ചു.

കമ്മീഷനിൽ ഓരോ മാസവും പരാതി വർദ്ധിക്കുന്നു. ഒരു വിമുക്തഭടന്റെ കുടുംബത്തിന് കുടുംബ പെൻഷൻ കിട്ടിക്കൊണ്ടിരുന്നു. അയാൾക്ക് ബുദ്ധിവളർച്ച കുറഞ്ഞ ഒരു മകനുണ്ട്. അവന് വൈകല്യം തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് വേണം. നാല് ഡോക്ടർമാർ അടങ്ങിയ മെഡിക്കൽ ബോർഡിൽ 3 പേരും വൈകല്യം സ്ഥിതീകരിച്ചു. എന്നാൽ ബോർഡ് ചെയർമാൻ മാത്രം വൈകല്യം വേണ്ടത്രയില്ലെന്ന് എഴുതി. ഞങ്ങൾക്ക് പരാതി കിട്ടി. ഞാൻ മെഡിക്കൽ ബോർഡ് ചെയർമാന് കത്തെഴുതി. മൂന്നു ഡോക്ടർമാർ സ്ഥിതീകരിച്ച കാര്യം താങ്കൾ മാത്രം നിരസിച്ചതെന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം തന്റെ മുൻനിലപാട് തിരുത്തി.

ഇത്തരത്തിൽ മനുഷ്യാവകാശ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ നിരവധിയാണ്. നമ്മുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സഹജീവികളുടെയും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കാൻ നാം ഓരോരുത്തരും തയ്യാറാവണം.



Kerala State Human Rights Commission Bulletin

Hon'ble Chairperson
**Justice J.B Koshy**

Hon'ble Member
**Adv. K. E. Gangadharan**

Hon'ble Member
**Sri. R. Natarajan**

Secretary
**Sri. C.K.Padmakaran**

Registrar
**Smt. R. Bhageerathi Devi**

Administrative Officer
**Sri. C.G. Pradeep Kumar**

Finance Officer
**Sri. Samson John**

Vol.2 Issue :22
April 2014 - June 2014

Chief Editor
**C.K.Padmakaran**
Secretary, KSHRC

Editor
**P.M. Binukumar**
Public Relations Officer

Editorial Board

**G. Satheesh Kumar**
Court Officer

**G. Gopikrishnan**
Court Officer

Printed and published by C.K.Padmakaran, Secretary, KSHRC on behalf of KSHRC printed at C-APT, Trivandrum
(For private circulation only)

Postal Address
KSHRC, Turbo plus Tower,
PMG Junction
Thiruvananthapuram 33
Tel: 0471 2307263
Fax: 0471 2307490
hrckeralatvm@gmail.com
www.kshrc.kerala.gov.in

ലേഖനങ്ങളുടെ ഉത്തരവാദിത്വം ലേഖകർക്കാണ്.

# അനാഥാലയങ്ങളിൽ സംഭവിക്കുന്നത്

**ഉ**ത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ ചില അനാഥാലയങ്ങളിലേക്ക് കൊണ്ടുവന്ന സംഭവം കേരളത്തിൽ വിവാദമാകുന്നതിന് ഏറെ മുമ്പ്, 2013 ആഗസ്റ്റിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേരളത്തിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ കുറിച്ച് ഒരു സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. എച്ച്. ആർ.എം.പി. 5797/2013 നമ്പറായി 2013 ഓഗസ്റ്റ് 29നാണ് ഉത്തരവ് പാസ്സാക്കിയത്.

അറബി കല്യാണം, മൈസൂർ കല്യാണം, അനാഥാലയങ്ങളിലെ പീഡനങ്ങൾ, കുഞ്ഞുങ്ങൾക്കെതിരെയുള്ള പീഡനങ്ങൾ തുടങ്ങിയ മനുഷ്യാവകാശലംഘനങ്ങളെ കുറിച്ച് കമ്മീഷനിൽ നിരവധി പരാതികൾ ലഭിക്കുന്നുണ്ടെന്നും എന്നാൽ ചിലർക്ക് അധോലോകത്തെ പേടിച്ച് അക്കാര്യങ്ങൾ എഴുതിത്തരാൻ ഭയമാണെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു.



## ചരിത്രമായി മാറിയ ഉത്തരവ്

ഉത്തരവിൽ ഇപ്രകാരം പറയുന്നു: അനാഥാലയങ്ങളിലും അഗതിമന്ദിരങ്ങളിലും മറ്റും കഴിയുന്നവരിൽ ചിലരൊക്കെ രക്ഷകർത്താക്കളുള്ളവരും എന്നാൽ അവരുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ കുട്ടികളെ വളർത്തുവാൻ കഴിവില്ലാത്തവരുമാണ്. എന്നാൽ ചില കുട്ടികൾ തീർത്തും അനാഥരാണ്. മാതാപിതാക്കൾ മരിച്ചവരും ഉപേക്ഷിക്കപ്പെട്ടവരും ആദിവാസി, പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അശരണരും സാമ്പത്തികമായും മറ്റുള്ള വിഷമതകൾ കൊണ്ട് ഇങ്ങിനെ വരുന്ന കുട്ടികളെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ മാത്രമല്ല; സമൂഹത്തിന്റെ തന്നെ ചുമതലയാണ്. National Charter for Children, 2003-ലും കേന്ദ്രസർക്കാരിന്റെ National Policy on Children-ലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണത്തെ സർക്കാരിന്റെ ഉത്തരവാദിത്വം കൂടാതെ ജനങ്ങളുടെയും സാമൂഹ്യസംഘടനകളുടെയും പങ്കാളിത്തത്തിൽക്കൂടി ആയിരക്കണമെന്ന് കേന്ദ്രസർക്കാരിന്റെ നയരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ അവകാശത്തെക്കുറിച്ചുള്ള Convention-ഉം തീരുമാനങ്ങളും ഭാരതം അംഗീകരിച്ചിട്ടുണ്ട് (United Nations Convention on the Rights of the Child, 1989). 21 വയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെയും 18 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെയും വിവാഹം കുറ്റകരമാണ്. അങ്ങനെ കല്ല്യാണം കഴിച്ചുകൊടുക്കുന്ന രക്ഷകർത്താക്കളും കാർമ്മികരും ശിക്ഷയ്ക്ക് വിധേയരാകുന്നതാണെന്ന് The Child Marriage Restraint Act-ൽ പറഞ്ഞിട്ടുണ്ട്. അങ്ങിനെയുള്ള വിവാഹം രജിസ്റ്റർ ചെയ്താൽപ്പോലും ശിക്ഷാനടപടികളിൽ നിന്ന് രക്ഷപ്പെടുവാൻ പാടില്ല. ഈ നിയമം Prohibition of Child Marriage Act, 2006-ന് പുറമെയാണ്. അതിലും കുട്ടികളുടെ വിവാഹത്തിനെതിരെ കർശന വ്യവസ്ഥകളുണ്ട്.

അനാഥാലയങ്ങളെക്കുറിച്ചുള്ള ഇപ്പോഴുള്ള നിയമങ്ങൾ അപര്യാപ്തമാണ്. മനുഷ്യാവകാശ സംരക്ഷണ നിയമം അനുസരിച്ച് മനുഷ്യാവകാശ ലംഘനം ഒഴിവാക്കാനുള്ള നിയമങ്ങളുണ്ടാക്കുവാൻ സർക്കാരിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ചുമതലയും ഈ കമ്മീഷനുണ്ട്.

മനുഷ്യാവകാശ സംരക്ഷണ നിയമം വകുപ്പ് 12 സി, ഡി, ഇ, എഫ്, ജി. ഉപവകുപ്പുകൾ ഇപ്രകാരം പറയുന്നു.

"12 കമ്മീഷന്റെ കർത്തവ്യങ്ങൾ:-

എ. XX XX XX XX

ബി. XX XX XX XX

സി. ചികിത്സയുടേയോ പരിഷ്ക്കരണത്തിന്റെയോ സംരക്ഷണത്തിന്റെയോ ആവശ്യത്തിനായി ആളുകളെ തടങ്കലിൽ വയ്ക്കുകയോ താമസിപ്പിക്കുകയോ ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ജയിലോ മറ്റു സ്ഥാപനമോ, മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അവിടങ്ങളിലെ അന്തേവാസികളുടെ ജീവിത സാഹചര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി സന്ദർശിക്കേണ്ടതും അതു സംബന്ധിച്ച ശുപാർശകൾ സർക്കാറിന് നൽകുക;

ഡി. മനുഷ്യാവകാശ സംരക്ഷണത്തിനായി ഭരണഘടനയാലോ അതിൻപ്രകാരമോ അല്ലെങ്കിൽ തത്സമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്താലോ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള രക്ഷാവ്യവസ്ഥകൾ പുനഃപരിശോധന നടത്തേണ്ടതും, അവയുടെ ഫലപ്രദമായ നടപ്പാക്കലിന് വേണ്ടുന്ന മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.

ഇ. മനുഷ്യാവകാശങ്ങൾ അനുഭവിക്കാൻ വിഘാതമായി നിൽക്കുന്ന


സംഘടിത ഭീകര പ്രവൃത്തികൾ ഉൾപ്പെടെയുള്ള സംഗതികൾ പുനഃപരിശോധിക്കേണ്ടതും സമുചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക;

എഫ്. മനുഷ്യാവകാശം സംബന്ധിച്ചുള്ള സന്ധികളും മറ്റു അന്താരഷ്ട്ര പ്രമാണങ്ങളും പഠനവിധേയമാക്കേണ്ടതും അവയുടെ ഫലപ്രദമായ നടപ്പാക്കലിനനുസൃതമായ ശുപാർശകൾ നൽകുക;

ജി. മനുഷ്യാവകാശ രംഗത്ത് ഗവേഷണം ഏറ്റെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;"

The Orphanages and other Charitable Homes (Supervision and Control) Act, 1960- ൽ അനാഥാലയങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 21-ാം നൂറ്റാണ്ടിലെ പുതിയ സാഹചര്യത്തിൽ ഈ നിയമങ്ങളിലും മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. National Charter for Children, 2003-ന്റെയും അന്താരാഷ്ട്ര ഉടമ്പടികളുടെയും ഇപ്പോൾ കണ്ടുവരുന്ന പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ നിയമങ്ങൾ ഭേദഗതി വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇപ്പോഴുള്ള നിയമമനുസരിച്ചുതന്നെ രജിസ്റ്റർ ചെയ്യാത്ത അനാഥാലയങ്ങൾ പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്.

അട്ടപ്പാടി പാക്കുളത്തുള്ള മർക്കസ് റഹ്മാനിയ ഇസ്ലാമിയ എന്ന സ്ഥാപനത്തിലെ അന്തേവാസിയും മൈനറും ആയ ഒരു പെൺകുട്ടിയെ പീഡിപ്പിച്ചത് സംബന്ധിച്ച് ഒരു കേസ് എച്ച്. ആർ. എം.പി. നമ്പർ 5070/2012 ആയി ഈ കമ്മീഷൻ എടുത്തിരുന്നു. അതിൽ പോലീസിനോട് റിപ്പോർട്ട് ചോദിച്ചപ്പോൾ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രതി മറ്റു പല കുട്ടികളെയും ശാരീരികമായി പീഡിപ്പിച്ചിട്ടുണ്ടെന്നും ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആണ് റിപ്പോർട്ട് ചെയ്തത്. ലൈംഗിക പീഡനം മാത്രമല്ല, ഈ അനാഥാലയത്തിന്റെ പേരിൽ വിദേശത്തുനിന്ന് ധാരാളം പണം സ്വീകരിക്കുന്നുണ്ടെന്നും അങ്ങിനെ ലഭിക്കുന്ന പണം കുട്ടികളുടെ നന്മയ്ക്കല്ല, പകരം ഗുണ്ടാസംഘങ്ങളെ വളർത്തുന്നതിനും സ്വന്തം ആവശ്യങ്ങൾക്കും മറ്റും ആണുപയോഗിക്കുന്നതെന്നും പരാതി ഉണ്ടായിരുന്നു. ഇതിനെക്കുറിച്ച് വിശദമായി അന്വേഷിക്കുവാനായി പാലക്കാട് ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. കേസുകൾ അന്വേഷിച്ച് പ്രതികളെ കണ്ടുപിടിക്കുന്നതിൽ വളരെയേറെ പ്രാഗൽഭ്യം കാണിക്കുന്ന കേരളാ പോലീസിന് ആവശ്യമെങ്കിൽ ഭാരതപൗരനായ പ്രതിയെ കണ്ടുപിടിക്കുന്നതിന് സാധിക്കുമായിരുന്നു. കൂടാതെ absconding ആയ ഒരു പ്രതിയുടെ സ്വത്തുക്കൾ വരെ കണ്ടുകെട്ടുന്നതിനുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. പണത്തിന്റെയോ ജാതി-മത-രാഷ്ട്രീയ ശക്തികളുടെ സ്വാധീനം കൊണ്ടോ മറ്റോ ഇങ്ങനെയുള്ള കേസുകൾ കാര്യമായി പിന്നീട് എടുക്കുന്നില്ല.



വളരെ നല്ല നിലയിൽ കുട്ടികൾക്കും അഗതികൾക്കും അനാഥർക്കും സംരക്ഷണം നൽകുന്ന, അവരെ പഠിപ്പിക്കുകയും ഭാവിജീവിതത്തിലേക്ക് അവരെ നേർവഴിയിൽ കൊണ്ടുവരികയും ചെയ്യുന്ന ധാരാളം സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നാൽ ഇതിനൊക്കെ അപവാദമായിട്ട് ചില സ്ഥാപനങ്ങൾ പണപ്പിരിവും ചൂഷണവും മാത്രം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കേണ്ടത് സർക്കാരിന്റേയും പ്രത്യേകിച്ച് പോലീസിന്റേയും സാമൂഹ്യ നീതി വകുപ്പിന്റേയും സമൂഹത്തിന്റേയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും ചുമതലയാണ്.

കേരളത്തിൽ എത്ര അനാഥാലയങ്ങൾ അനാഥാലയ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; രജിസ്റ്റർ ചെയ്യപ്പെട്ട അനാഥാലയങ്ങൾ നിയമപ്രകാരമാണോ പ്രവർത്തിക്കുന്നത്; രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ നിയമാനുസൃതമുള്ള പരിശോധനയും മറ്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോ; രജിസ്റ്റർ ചെയ്യപ്പെടാത്ത എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അനാഥാലയങ്ങളുടെ മറവിൽ വൻതോതിൽ പണപ്പിരിവ് നടത്തുന്നുണ്ടോ; നല്ലവരായ ആളുകൾ പാവപ്പെട്ട കുട്ടികളുടെ നന്മയ്ക്കുവേണ്ടി കൊടുക്കുന്ന പണം മറ്റു കാര്യങ്ങൾക്ക് ചിലവഴിക്കപ്പെടുന്നുണ്ടോ; മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പാവപ്പെട്ട കുട്ടികളെ കൊണ്ടുവന്ന് വിദേശത്തുനിന്ന് കണക്കുപറഞ്ഞ് പണം സമ്പാദിക്കുന്നുണ്ടോ; ഇങ്ങിനെയുള്ള അനാഥാലയങ്ങളിലും അഗതിമന്ദിരങ്ങളിലും അനാശാസ്യപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; ലൈംഗികമായോ അല്ലാതെയോ അവരെ പീഡിപ്പിക്കുന്നുണ്ടോ; അനാഥാലയങ്ങളിലെ വാസത്തിനുശേഷം പുറത്തുപോകുന്ന കുട്ടികൾ പിന്നീട് സാമൂഹ്യ വിരുദ്ധപ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചന്വേഷിച്ച് വിവരങ്ങൾ ശേഖരിച്ച് വിശദമായ ഒരു റിപ്പോർട്ട് കമ്മീഷന്റെ അന്വേഷണ വിഭാഗം മേധാവി കമ്മീഷന് നൽകേണ്ടതാണ്. കേരളം ഒട്ടാകെയുള്ള അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും ഈ നടപടിക്രമത്തിന്റെ പരിധിയിൽ വരും. സർക്കാരിന്റെ ശിശുക്ഷേമവകുപ്പും സാമൂഹ്യനീതി വകുപ്പും ഉൾപ്പെടെയുള്ള

# 10 കൊല്ലം, 66 പീഡനകേസുകൾ

അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും താമസിക്കുന്ന കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതുൾപ്പെടെ കഴിഞ്ഞ പത്തു കൊല്ലത്തിനിടയിൽ 66 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. ഏറ്റവുമധികം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് തിരുവനന്തപുരത്താണ്; ഒൻപത്, മലപ്പുറത്താണ് കുറവ്; ഒന്ന്.

ഇവയിൽ ഭൂരിപക്ഷം കേസുകളിലും കുട്ടികളെ കണ്ടെത്താനോ പ്രതികളെ പിടികൂടാനോ പോലീസിന് കഴിഞ്ഞിട്ടില്ല. കാണാതായ കുട്ടികളുടെ വിലാസം പോലും അനാഥാലയങ്ങളുടെ കൈവശമില്ലെന്ന് ജസ്റ്റിസ് ജെ.ബി. കോശി നടപടിക്രമത്തിൽ പറഞ്ഞു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ 87 എണ്ണത്തിന് സർക്കാർ അംഗീകാരമില്ലെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് കമ്മീഷനെ അറിയിച്ചു.

മൊത്തം 1107 അനാഥാലയങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. അനാഥാലയങ്ങളിലെ അന്തേവാസികളുടെ കണക്ക് ഓർഫനേജ് കൺട്രോൾ ബോർഡിൽ ലഭ്യമല്ല.

കേരള സ്റ്റേറ്റ് (ഓർഫനേജ് ആന്റ് ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ റൂൾസ് അനുസരിച്ച് എല്ലാ അനാഥാലയങ്ങളിലും പ്രവേശന രജിസ്റ്ററും ഹാജർ രജിസ്റ്ററും സൂക്ഷിച്ചിരിക്കണമെന്ന് നിയമമുണ്ടെന്ന് ജസ്റ്റിസ് ജെ.ബി. കോശി നടപടിക്രമത്തിൽ പറഞ്ഞു. ശരിയായ രജിസ്റ്റർ സൂക്ഷിച്ചിരുന്നെങ്കിൽ അന്തേവാസികളുടെ കണക്കുകൾ ലഭ്യമാകുമായിരുന്നതായി കമ്മീഷൻ പറഞ്ഞു വ്യക്തമായ കണക്കുണ്ടെങ്കിൽ കള്ളരേഖയുണ്ടാക്കി കൂടുതൽ സംഭാവന പിരിക്കാൻ സാധിക്കുകയില്ലെന്നും കമ്മീഷൻ ചൂണ്ടികാണിച്ചു.

ഇങ്ങനെയിരിക്കെയാണ് ജാർഖണ്ഡ്, ബീഹാർ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും മലബാറിലെ ചില അനാഥാലയങ്ങളിലേക്ക് കൊണ്ടുവന്ന കുട്ടികൾ പിടിയിലായത്. മാധ്യമങ്ങളിൽ ഇത് വാർത്തയായതിനെ തുടർന്ന് മുക്കത്തുള്ള ഒരു അനാഥാലയത്തിൽ കമ്മീഷൻ സി.ഐ.ജി., എസ്. ശ്രീജിത്ത് പരിശോധന നടത്തി.

ഇതോടൊപ്പം മലപ്പുറം മനാറുൽ ഇസ്ലാം ഓർഫനേജ് അഗതിമന്ദിരം കമ്മീഷന്റെ അന്വേഷണം തടയണമെന്നാവശ്യപ്പെട്ട് ഹൈകോടതിയെയും സമീപിച്ചു. പുതിയ സംഭവവികാസങ്ങൾ വിവാദത്തിന് കാരണമാവുകയും ചിലർ കമ്മീഷനെതിരെ രംഗത്തിറങ്ങുകയും ചെയ്തു.

എല്ലാ സർക്കാർ വകുപ്പുകളുടെയും ജില്ലാ പോലീസ് മേധാവികളുടെയും ജില്ലാ ഭരണാധികാരികളുടേയും നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ സ്വയംഭരണസ്ഥാപനങ്ങൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, മനുഷ്യാവകാശ സംഘടനകൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെയും സഹകരണത്തോടുകൂടി അന്വേഷണ ഉദ്യോഗസ്ഥൻ വിവരങ്ങൾ ശേഖരിക്കണം. വിവരാവകാശനിയമപ്രകാരം തെളിവുകൾ ശേഖരിക്കാം. ജില്ലാ പോലീസ് മേധാവികളും ജില്ലാ കളക്ടർമാരും എസ്.ഐ. എ.എസ്.ഐ. റാങ്കിലുള്ള രണ്ട് ഓഫീസർമാരെ കമ്മീഷന്റെ അന്വേഷണ ഉദ്യോഗസ്ഥന്റെ സഹായത്തിനായി നിയമിക്കണം. ഇപ്പോൾ പീഡനങ്ങളും മറ്റും നടക്കുന്നുണ്ടെങ്കിൽ ഇതെങ്ങനെ തടയാം, ഭാരതസർക്കാരിന്റെ ദേശീയ ചാർട്ടർ, യു.എൻ.ഉടമ്പടി, പരാതികൾ തുടങ്ങിയവയെല്ലാം കണക്കിലെടുത്ത് എന്തെല്ലാം ചട്ടങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട് എന്ന് പഠിക്കേണ്ടിയിരിക്കുന്നു. വിശദമായ ഒരു റിപ്പോർട്ട് അഞ്ച് മാസത്തിനുള്ളിൽ കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്. എച്ച്. ആർ.എം.പി. നമ്പർ 5070/2012-ൽ പിന്നീട് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളും അന്വേഷിക്കണം.

ഈ നടപടിക്രമത്തിന്റെ ഓരോ പകർപ്പ് കമ്മീഷന്റെ അന്വേഷണ വിഭാഗം മേധാവിക്ക് അയക്കുക. ഓരോ പകർപ്പ് കേരള സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും അയക്കുക."

## അന്വേഷണമോ? ഞങ്ങളെക്കുറിച്ചോ?

ഉത്തരവിനെ തുടർന്ന് മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ, ഡി.ഐ.ജി., എസ്. ശ്രീജിത്ത് അന്വേഷണം ആരംഭിച്ചു. അന്വേഷണം തുടങ്ങിയപ്പോൾ തന്നെ ചിലയിടങ്ങളിൽ അപസ്വരങ്ങളുണ്ടായി. ചിലർ അനാഥാലയങ്ങളെക്കുറിച്ച് അന്വേഷിക്കരുതെന്ന് ആവശ്യപ്പെട്ട് രംഗത്തെത്തി. ഇതിനെ തുടർന്ന് 2014 ജനുവരി 21ന് കമ്മീഷൻ അധ്യക്ഷൻ മറ്റൊരു ഉത്തരവ് പാസാക്കി. ഇതിൽ ഇപ്രകാരം പറയുന്നു.

1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമം 14-ാം വകുപ്പ് ഇപ്രകാരമാണ്. "14. അന്വേഷണം - (1) അന്വേഷണവിചാരണ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തേണ്ടുന്ന ആവശ്യത്തിനുവേണ്ടി കമ്മീഷന് ഏതൊരു ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ, അതതു സംഗതി പോലെ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അനുമതിയോടുകൂടി, കേന്ദ്ര സർക്കാരിന്റെ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ അന്വേഷണ ഏജൻസികളുടെയോ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(2). അന്വേഷണവിചാരണ സംബന്ധിച്ചുള്ള ഏതെങ്കിലും സംഗതിയെക്കുറിച്ച് അന്വേഷണം നടത്തേണ്ട ആവശ്യത്തിനുവേണ്ടി (1)-ാം ഉപവകുപ്പ് പ്രകാരം സേവനം ഉപയോഗപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ ഏജൻസിക്കും കമ്മീഷന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി.

(എ) ഏതൊരാളെയും വിളിച്ചുവരുത്താനും ഹാജരാക്കാൻ നിർദ്ദേശിക്കുവാനും വിസ്തരിക്കാനും;

(ബി) ഏതെങ്കിലും പ്രമാണം കണ്ടുപിടിക്കുവാനും ഹാജരാക്കാൻ ആവശ്യപ്പെടാനും;

(സി) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ഏതൊരു ഓഫീസിൽ നിന്നും ആവശ്യപ്പെടാനും; അധികാരം ഉണ്ടായിരിക്കുന്നതാണ്".



ജസ്റ്റിസ് ജെ.ബി. കോശി

അനാഥാലയങ്ങളിൽ നിന്നും അഗതി മന്ദിരങ്ങളിൽ നിന്നും Charitable Institutions- ൽ നിന്നും കുട്ടികളെ കാണാതാകുകയും, കുട്ടികളെ Sexual ആയി പീഡിപ്പിക്കുകയും മറ്റും ചെയ്ത സംഭവങ്ങൾക്ക് 66-ഓളം ക്രമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ പലതിലും Undetected എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പല കുട്ടികളുടെയും Man missing കേസാണെങ്കിലും അവരുടെ അഡ്രസ്സ് പോലും ഇല്ല. റൂൾ 17 of the Kerala State (Orphanages and Charitable Homes) Board of Control Rules, അനുസരിച്ച് എല്ലാ Orphanage കളും admission register- റും attendance register- റും സൂക്ഷിക്കേണ്ടതാണ്. ശരിയായ രീതിയിൽ ആ രജിസ്റ്ററുകൾ സൂക്ഷിച്ചാൽ അവിടെയുള്ള കുട്ടികളുടെ വിശദവിവരങ്ങൾ അതിലുണ്ടാകും; കള്ള റിപ്പോർട്ടുകൾ ഉണ്ടാക്കി കൂടുതൽ സംഭാവന പറ്റാൻ സാധിക്കുകയില്ല. സർക്കാരിൽ രജിസ്റ്റർ ചെയ്യാത്ത അനാഥാലയങ്ങളും അഗതി മന്ദിരങ്ങളുമുണ്ട്. 29-08-2013ന് പാസ്സാക്കിയ നടപടിക്രമത്തിൽ ഇപ്രകാരം പറയുന്നു:

"കേരളത്തിൽ എത്ര അനാഥാലയങ്ങൾ അനാഥാലയ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട അനാഥാലയങ്ങൾ നിയമപ്രകാരമാണോ പ്രവർത്തിക്കുന്നത്; രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ നിയമാനുസൃതമായുള്ള പരിശോധനയും മറ്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപന നടത്തിപ്പുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ, രജിസ്റ്റർ ചെയ്യാത്ത എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അനാഥാലയങ്ങളുടെ മറവിൽ വൻ തോതിൽ പണപ്പിരിവ് നടത്തുന്നുണ്ടോ; നല്ലവരായ ആളുകൾ പാവപ്പെട്ട കുട്ടികളുടെ നന്മയ്ക്കുവേണ്ടി കൊടുക്കുന്ന പണം മറ്റുകാര്യങ്ങൾക്ക് ചിലവഴിക്കപ്പെടുന്നുണ്ടോ; മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പാവപ്പെട്ട കുട്ടികളെ കൊണ്ടുവന്ന് വിദേശത്തുനിന്ന് കണക്കുപറഞ്ഞ് പണം സമ്പാദിക്കുന്നുണ്ടോ; ഇങ്ങിനെയുള്ള അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും അനാശാസ്യപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; ലൈംഗികമായോ അല്ലാതെയോ അവരെ പീഡിപ്പിക്കുന്നുണ്ടോ; അനാഥാലയങ്ങളിലെ വാസത്തിനുശേഷം പുറത്തുപോകുന്ന കുട്ടികൾ പിന്നീട് സാമൂഹ്യ വിരുദ്ധപ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചന്വേഷിച്ച് വിവരങ്ങൾ ശേഖരിച്ച് വിശദമായ ഒരു റിപ്പോർട്ട് കമ്മീഷന്റെ അന്വേഷണ വിഭാഗം മേധാവി കമ്മീഷന് നൽകേണ്ടതാണ്. കേരളം ഒട്ടാകെയുള്ള അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും ഈ നടപടിക്രമത്തിന്റെ പരിധിയിൽ വരും. സർക്കാരിന്റെ ശിശുക്ഷേമവകുപ്പും സാമൂഹ്യനീതി വകുപ്പും ഉൾപ്പെടെയുള്ള എല്ലാ സർക്കാർ വകുപ്പുകളുടെയും ജില്ലാ പോലീസ് മേധാവികളുടെയും ജില്ലാ ഭരണാധികാരികളുടേയും നഗരസഭ, മുനിസിപ്പിലിറ്റി, പഞ്ചായത്ത് തുടങ്ങിയ സ്വയംഭരണസ്ഥാപനങ്ങൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, മനുഷ്യാവകാശ സംഘടനകൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെയും സഹകരണത്തോടുകൂടി അന്വേഷണ ഉദ്യോഗസ്ഥൻ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്."

കേരളത്തിൽ എത്ര അനാഥാലയങ്ങൾ അനാഥാലയ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട അനാഥാലയങ്ങൾ നിയമപ്രകാരമാണോ പ്രവർത്തിക്കുന്നത്; രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ നിയമാനുസൃതമായുള്ള പരിശോധനയും മറ്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോ?

കമ്മീഷൻ നിയമിച്ച മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ തെളിവുകൾ ശേഖരിക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ കേസിൽ അന്തിമ തീരുമാനം എടുക്കുന്നത് കമ്മീഷൻ തന്നെയാണ്. കമ്മീഷൻ നിയമിച്ച അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടപ്രകാരം ജില്ലാ കളക്ടർമാരും സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാരും വില്ലേജ് ഓഫീസർമാരെ ഇത്തരം കാര്യങ്ങളുടെ വിശദമായ കണക്കുകൾ എടുക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. അങ്ങനെ വില്ലേജ് ഓഫീസർമാർ അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും ചെന്ന് അവിടെ സംരക്ഷിക്കപ്പെടുന്ന കുട്ടികളുടെ പേരും മറ്റു വിവരങ്ങളും, അത്തരം സ്ഥാപനങ്ങൾ നിയമപ്രകാരമാണോ പ്രവർത്തിക്കുന്നത് മുതലായ കാര്യങ്ങൾ ചോദിക്കുകയുണ്ടായി. ഇത്തരം വിവരങ്ങൾ കമ്മീഷന്റെ അന്വേഷണ ഉദ്യോഗസ്ഥന് ആവശ്യമാണ്. എന്നാൽ 'ദീപിക' ദിനപത്രത്തിൽ ഒരു വാർത്ത വരിയുണ്ടായി. അത് ഇപ്രകാരം ആണ്:

"വില്ലേജ് ഓഫീസർക്കുപോലും ഈ വിഷയത്തിൽ അധികാരമില്ലാതെയിരിക്കെ സ്ഥാപനങ്ങളിൽ കയറിയിറങ്ങി അനധികൃതമായി വിവരശേഖരണം നടത്തുന്നത് അപകടകരമായതുകൊണ്ട് ഒരു സ്ഥാപനവും അത് അനുവദിക്കരുതെന്ന് ഇരുവരും പത്രക്കുറിപ്പിൽ അറിയിച്ചു."

അറബിക്കല്ല്യാണം നടന്നുവെന്നുപറയുന്ന സ്ഥാപനത്തിലല്ലാതെ കമ്മീഷന്റെ മുഖ്യ അന്വേഷണോദ്യോഗസ്ഥൻ മറ്റൊരു സ്ഥാപനത്തിലും ഇതുവരെ പോയിട്ടില്ല. കൂടാതെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ ജില്ലാ ഭരണകൂടം മുഖേന അദ്ദേഹത്തിന്റെ നിയമപരമായ ജോലി ചെയ്യുകയാണ് ചെയ്യുന്നത്. കള്ളത്തരമില്ലാതെ നിയമാനുസരണം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ വിവരങ്ങൾ നൽകുന്നതിന് യാതൊരു വിരോധവുമുണ്ടായിരിക്കില്ല. മേൽപ്പറഞ്ഞ പത്രറിപ്പോർട്ട് കൊടുത്തിരുന്നത് ഓർഫനേജ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടും സെക്രട്ടറിയുമാണെന്ന് മാത്രമല്ല അവർ രണ്ടുപേരും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളുമാണ്.

ഓർഫനേജ് കണ്ട്രോൾ ബോർഡ് ശുഷ്കാന്തിയോടെ പ്രവർത്തിച്ചിരുന്നെ

# വിവരശേഖരണം തടയരുത്

**അ**നാഥാലയങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചറിയാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടത്തിവരുന്ന വിവരശേഖരണം തടയുന്നതിന് അനാഥാലയങ്ങൾ ഹൈക്കോടതിയെ സമീപിക്കുന്നത് നിർഭാഗ്യകരമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു.

നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ തുറന്നുപറയാൻ മടി കാണില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു.

കമ്മീഷന്റെ അന്വേഷണം തടയണമെന്ന് ആവശ്യപ്പെട്ട് മലപ്പുറം മനാറുൽ ഇസ്ലാം ഓർഫനേജ് അഗതി മന്ദിരമാണ് ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

വിവരശേഖരണം ഒരു മാസത്തിനകം പൂർത്തിയാക്കുമെന്നും അനാഥാലയങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമെന്നും ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു.

കോഴിക്കോട് മുക്കത്തുള്ള അനാഥാലയം സന്ദർശിച്ച മുഖ്യ അന്വേഷണോദ്യോസ്ഥൻ സി.ഐ.ജി., എസ്. ശ്രീജിത്തിന്റെ അന്വേഷണ റിപ്പോർട്ട് കിട്ടിയില്ലെന്നും റിപ്പോർട്ട് കിട്ടിയാലുടൻ തീരുമാനമെടുക്കുമെന്നും ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. ജാർഖണ്ഡിൽ നിന്നും കുട്ടികളെ കൊണ്ടുവരുമ്പോൾ നിയമങ്ങൾ പറിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കും. ജാർഖണ്ഡിലും ബീഹാറിലുമുള്ള കുട്ടികളുടെ വിലാസം പരിശോധിക്കും.

യാതൊരു മുൻവിധിയും കൂടാതെ തുറന്ന മനസ്സോടെ എല്ലാ കാര്യങ്ങളും പരിശോധിക്കും.

അനാഥാലയങ്ങളിൽ അറബികല്യാണവും പീഡനങ്ങളും വർദ്ധിക്കുന്നുവെന്ന് ആരോപണം ഉയർന്ന പശ്ചാത്തലത്തിലാണ് മനുഷ്യാവകാശ കമ്മീഷൻ അനാഥാലയങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവിട്ടത്.

എന്നാൽ അന്വേഷണം തുടക്കം മുതൽ തടസ്സപ്പെടുത്താൻ ചിലർ ശ്രമിച്ചതായി ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. എന്നാൽ നിരവധി പേർ സഹകരിക്കുന്നുണ്ട്.

പല അനാഥാലയങ്ങളിലും കുട്ടികളുടെ കണക്കില്ല. സർക്കാരിൽ നിന്നും അല്ലാതെയുമുള്ള സാമ്പത്തിക സഹായം കിട്ടുന്നതിന് 50 കുട്ടികൾ ഉള്ളിടത്ത് 100 കുട്ടികൾ ഉണ്ടെന്ന് വ്യാജ കണക്ക് കാണിക്കും. ചിലർ വിദേശ സഹായം സ്വീകരിക്കുന്നു. കുട്ടികളെ വ്യവസ്ഥാപിതമല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതായും കമ്മീഷന് രേഖാമൂലമല്ലാതെ പരാതികൾ ലഭിച്ചിട്ടുണ്ട്.

യത്തീംഖാനകൾ അടക്കം കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ധാരാളം അനാഥാലയങ്ങളുണ്ടെന്നും ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു.

അനാഥാലയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തെ കുറിച്ച് മനുഷ്യാവകാശ കമ്മീഷന് എതിരെ ഉയർന്ന വിമർശനങ്ങളെ കുറിച്ച് വിവാദത്തിനില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. വിവാദങ്ങളല്ല മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണത്തിന്റെ അടിസ്ഥാനം. വിവാദങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് വിഷയത്തെക്കുറിച്ച് എല്ലാവരും അജ്ഞരായിരുന്ന വേളയിലാണ് കമ്മീഷൻ അനാഥാലയങ്ങളെക്കുറിച്ച് അന്വേഷണം ആരംഭിച്ചത്.

ങ്കിൽ ഈ കമ്മീഷൻ ഇത്തരം കേസുകൾ അന്വേഷിക്കേണ്ട അവസ്ഥയുണ്ടാകുമായിരുന്നില്ല. തന്നെയുമല്ല, 66 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് അടിസ്ഥാനമായ സംഭവങ്ങളും ഉണ്ടാകില്ലായിരുന്നു. അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും ഇൻഡ്യാ രാജ്യത്ത് പ്രവർത്തിക്കുന്നിടത്തോളം കാലം ഈ രാജ്യത്തെ നിയമങ്ങൾ അവർക്കും ബാധകമാണ്. Juvenile Justice Act, Right to Education Act, Protection of Human Rights Act തുടങ്ങിയവയാണ് നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ.

ഏതായാലും അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും മറ്റ് Charitable Institutions- ലും താമസിക്കാൻ ഇടയായിട്ടുള്ള ഹതഭാഗ്യരായ വ്യക്തികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ വിവരങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് തന്നെ ശേഖരിച്ചു നൽകേണ്ടിയിരുന്നു. ഈ വിവരങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് തരികയാണെങ്കിൽ Unregistered സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ എളുപ്പമാണ്.

അതിനു പകരം വിവരങ്ങൾ നൽകാൻ തയ്യാറായ സ്ഥാപനങ്ങളെ പോലും നിരുത്സാഹപ്പെടുത്തുന്ന പ്രവൃത്തികൾ ഖേദകരമാണ്. അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ പേരും വിവരങ്ങളും അടങ്ങിയ രജിസ്റ്റർ നിയമാനുസരണം ഉണ്ടെങ്കിൽ ഈ വിവരങ്ങൾ പെട്ടെന്നു നൽകാൻ കഴിയും. അന്വേഷണത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് പ്രത്യേക ബുദ്ധിമുട്ടുണ്ടെങ്കിൽ വിശദവിവരങ്ങളുമായി കമ്മീഷൻ ചെയർപേഴ്സനെ സമീപിക്കാവുന്നതാണ്. ആയതിനാൽ എത്രയും വേഗം ഈ നടപടിക്രമത്തിനോടനുബന്ധിച്ചുള്ള Proforma എല്ലാ രജിസ്റ്റേർഡ് അനാഥാലയങ്ങളിൽ നിന്നും സംഭരിച്ച് 3 മാസത്തിനകം കമ്മീഷന് നേരിട്ടു നൽകണം. വിശദമായ റിപ്പോർട്ട് കമ്മീഷന് നൽകണം. കള്ളത്തരം കാണിക്കാത്ത സ്ഥാപനങ്ങൾക്ക് ഇത്തരം വിവരങ്ങൾ നൽകുന്നതിന് പേടിക്കേണ്ട കാര്യമില്ല. ഈ നടപടിക്രമത്തിനോടനുബന്ധിച്ചുള്ള Proforma യിൽ ആവശ്യപ്പെട്ടിരിക്കുന്നതു പോലെയുള്ള വിവരങ്ങൾ എല്ലാ രജിസ്റ്റേർഡ് ഓർഫനേജുകളിൽ നിന്നും ശേഖരിച്ച് നൽകാൻ ഓർഫനേജ് കൺട്രോൾ ബോർഡിന് മൂന്നു മാസത്തെ സമയം അനുവദിച്ചിരിക്കുന്നു.

കമ്മീഷന്റെ മുഖ്യ അന്വേഷണോദ്യോഗസ്ഥന് തന്റെ അന്വേഷണം തുടരാവുന്നതാണ്. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള ഓർഫനേജുകൾ കമ്മീഷന്റെ മുഖ്യ അന്വേഷണോദ്യോഗസ്ഥൻ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് നൽകേണ്ടതുമാണ്." ഉത്തരവിൽ പറയുന്നു.

## ഇടക്കാല ഉത്തരവ്

**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,** വിദേശ ഏജൻസികൾ, വ്യക്തികൾ എ

**നന്നായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും യത്തീംഖാനകളുടെയും സൽപ്പേര് കളങ്കപ്പെടുത്താനുള്ള ചില അനാഥാലയ ഉടമകളുടെ നിയമവിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകി.**

ന്നിവരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളിൽ അനാഥാലയങ്ങൾ തിരിമറി നടത്തുന്നുണ്ടോ എന്ന് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഇടക്കാല ഉത്തരവിൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സംസ്ഥാനത്തെ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഇടക്കാല ഉത്തരവ്.

അനാഥാലയങ്ങൾക്ക് ലഭിക്കുന്ന സംഭാവനകൾ അന്തേവാസികളുടെ ക്ഷേമത്തിനു മാത്രമാണ് ഉപയോഗിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നും ഇതിനായി നിയമങ്ങൾ ഉണ്ടാക്കണമെന്നും അവ കർശനമായി നടപ്പിലാക്കണമെന്നും ഉത്തരവിൽ പറയുന്നു.

ജാർഖണ്ഡിൽനിന്നും കുട്ടികളെ കൊണ്ടുവന്നുവെന്ന് ആരോപണവിധേയരായ മുക്കം അനാഥാലയം 2012-13-ൽ സർക്കാർ ഗ്രാന്റിന് വേണ്ടി നൽകിയ അപേക്ഷയിൽ വിദേശസഹായം സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്ന് മനസിലാക്കുന്നതിനായി ഉത്തരവിൽ പറഞ്ഞു. എന്നാൽ അതേവർഷം വിദേശനാണ്യ വിനിമയ നിയന്ത്രണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പിന് നൽകിയ റിട്ടേണിൽ 'റെഡ്ക്രസന്റിൽ' നിന്നും എട്ട് ലക്ഷത്തിലേറെ രൂപ അനാഥ കുട്ടികളുടെ ക്ഷേമത്തിനായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവാസികളിൽ നിന്നോ കുട്ടികളുടെ ക്ഷേമത്തിൽ തല്പരരായവരിൽ നിന്നോ വിദേശ ഏജൻസികളിൽ നിന്നോ മുക്കം അനാഥാലയം സഹായം പറ്റിയിട്ടുണ്ടോ എന്ന് അറിയേണ്ടതുണ്ട്. ലഭിച്ച വിദേശസഹായങ്ങൾ കേന്ദ്രസർക്കാരിന് നൽകിയ റിട്ടേണിൽ നിന്നും മറച്ചുവച്ചിട്ടുണ്ടോ, ഹവാലാ പണം സ്വീകരിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോ അന്വേഷിക്കാവുന്നതാണ്.

പല അനാഥാലയങ്ങളും ഓരോ വർഷവും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നൽകുന്ന കണക്കുകളിൽ ക്രിത്രിമം കാണിക്കുന്നുണ്ടെന്ന് കമ്മീഷൻ കണ്ടെത്തി. അനാഥാലയങ്ങളിലേക്ക് വരുന്ന ഫണ്ടിനെ കുറിച്ച് വിജിലൻസിനും ലോക്കൽഫണ്ട് ഓഡിറ്റിനും അന്വേഷിക്കാവുന്നതാണ്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണം. മനുഷ്യത്വത്തിന്റെ പേരിൽ അനാഥാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നവരുടെ പണം മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിച്ച് സംഭാവന നൽകുന്നവരുടെ മനുഷ്യാവകാശം ധ്വംസിക്കപ്പെടരുതെന്നും ഇക്കാര്യം നിയമം മുഖേന ഉറപ്പുവരുത്തണമെന്നും ഉത്തരവിൽ പറയുന്നു.

നന്നായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെയും യത്തീംഖാനകളുടെയും സൽപ്പേര് കളങ്കപ്പെടുത്താനുള്ള ചില അനാഥാലയ ഉടമകളുടെ നിയമവിരുദ്ധമായ നടപടികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകി. അതേസമയം നിയമത്തിലുള്ള അജ്ഞതയുടെ പേരിൽ അബദ്ധം സംഭവിക്കുന്നവർക്ക് അവർ നിയമവിരുദ്ധമായ നേട്ടം കൈവരിച്ചിട്ടില്ലെങ്കിൽ തെറ്റ് തിരുത്താൻ അവസരം നൽകണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

അനാഥാലയങ്ങളെ, 'കുട്ടികളുടെ സംരക്ഷണകേന്ദ്രങ്ങൾ' എന്ന് പുനർനാമകരണം ചെയ്യണമെന്ന് ഉത്തരവിൽ പറഞ്ഞു. കാരണം അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളെല്ലാവരും അനാഥരല്ല. അനാഥാലയങ്ങളിലെ അന്തേവാസികളുടെ പേരുവിവരമടങ്ങുന്ന കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കണം. ഇവ നിയമാനുസരണമാണോ സൂക്ഷിക്കുന്നതെന്ന് അധികൃതർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കണം. അനാഥാലയം വിട്ടുപോകുന്നവർ എവിടേക്കാണ് പോകുന്നതെന്നും എന്താണ് ചെയ്യുന്നതെന്നും ക്രിമിനൽ തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലെന്നും കണ്ടെത്താൻ സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാവണം.

അനാഥാലയങ്ങളിലെ ജീവനക്കാർക്ക് സ്ഥാപന നടത്തിപ്പിനെ കുറിച്ചോ കുട്ടികളുടെ സംരക്ഷണത്തെ കുറിച്ചോ ഉള്ള നിയമങ്ങളെ കുറിച്ച് യാതൊരു ധാരണയുമില്ല. ഇത്തരം നിയമങ്ങളിൽ പരിജ്ഞാനമുണ്ടെങ്കിൽ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാകും. ഇവർക്ക് പരിശീലനം നൽകുന്നതിന് നിയമനിർമ്മാണം കൊണ്ടുവരണം.

സർക്കാർ നടത്തുന്ന അനാഥാലയങ്ങളിൽ ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ചൈൽഡ് വെൽഫയർ കമ്മിറ്റി അംഗങ്ങളും തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികളും അനാഥാലയങ്ങൾ സന്ദർശിച്ച് നടത്തിപ്പ് വിലയിരുത്തണമെന്നും ഉത്തരവിൽ പറയുന്നു.

മനുഷ്യാവകാശ കമ്മീഷൻ നടത്തുന്ന അന്വേഷണം ന്യൂനപക്ഷ വിരുദ്ധമല്ലെന്നും അനാഥാലയം നടത്തുന്നവർ ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും നിയമം അനുസരിക്കണമെന്നും ഉത്തരവിൽ പറയുന്നു.

അനാഥാലയങ്ങളിലെ അന്തേവാസികളുടെ കൃത്യമായ കണക്കിനെ കുറിച്ച് സർക്കാർപോലും അജ്ഞരാണെന്നും ഉത്തരവിലുണ്ട്. സംസ്ഥാനത്ത് രജിസ്ട്രേഷനില്ലാതെ 87 അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് കമ്മീഷന്റെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥൻ എസ്. ശ്രീജിത്ത് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടയിൽ ലൈംഗികപീഡനം ഉൾപ്പെടെ 66 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

450 കുട്ടികളെ പാലക്കാട് റയിൽവേ സ്റ്റേഷനിലെത്തിച്ച സംഭവത്തിൽ എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കോടതിയാണ് തീരുമാനമെടുക്കേണ്ടതെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു. പോലീസ് റിപ്പോർട്ട് കിട്ടിയ ശേഷം അത് മനുഷ്യക്കടത്താണോ അല്ലയോ എന്ന് കോടതി തീരുമാനിക്കും. കിടങ്ങൂർ കുമ്മണ്ണൂർ മരിയൻ ദിവ്യകാരുണ്യ ട്രസ്റ്റിലും നിരവധി നിയമവിരുദ്ധമായ കാര്യങ്ങൾ കമ്മീഷന്റെ അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ നടത്തിവരുന്ന സർവേ പൂർത്തിയായാലുടൻ അന്തിമ ഉത്തരവ് സർക്കാരിന് നൽകുമെന്നും ജസ്റ്റിസ് ജെ.ബി.കോശി ഉത്തരവിൽ പറഞ്ഞു.

● പി.എം.ബിനുകുമാർ

# വിവാഹേതര ബന്ധം: സ്ത്രീ പുരഷ സമത്വവും ഇൻഡ്യൻ ശിക്ഷാ നിയമവും

രഹ്ന വി.എം.

"അവർ നിങ്ങൾക്ക് വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും വസ്ത്രമാകുന്നു." ഭാര്യാ-ഭർതൃ ബന്ധത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ് വിശുദ്ധ ഖുറാനിലെ ഈ മഹത് വചനം. സ്ത്രീ -പുരുഷ വിഭാഗങ്ങളിൽ നിന്നും രണ്ടു വ്യക്തികളെ ഇണകളാക്കി ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ നിയമം അനുവദിക്കുന്ന പ്രക്രിയയാണ് വിവാഹം. വൈവാഹിക ബന്ധത്തിലൂടെ പങ്കാളികളാകുന്ന പുരുഷനും സ്ത്രീയ്ക്കും പരസ്പരം കടമകളും അവകാശങ്ങളുമുണ്ട്. കുടുംബ ജീവിതത്തിൽ സദാചാരം കാത്തു സൂക്ഷിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് വൈവാഹിക നിയമങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഈ ധാർമ്മിക ഉത്തരവാദിത്വത്തിന് നിയമ പരിരക്ഷ നൽകുന്നതിനും ഇത് ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനുമുള്ള വ്യവസ്ഥ നമ്മുടെ ശിക്ഷാ നിയമസംഹിതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 497-ാം വകുപ്പിലാണ് 'വ്യഭിചാരം' അഥവാ 'അഡൽറ്ററി' സംബന്ധിച്ച നിയമ വ്യവസ്ഥ ഉൾപ്പെട്ടിരിക്കുന്നത്. (ഇവിടെ 'വ്യഭിചാരം' എന്ന പദം അർത്ഥമാക്കുന്നത് 'വിവാഹേതര ശാരീരിക ബന്ധം' അഥവാ 'അവിഹിത വേഴ്ച' എന്നാണ്.) "വിവാഹ സംബന്ധമായ കുറ്റങ്ങളെക്കുറിച്ച്" എന്ന ശീർഷകത്തിൽ അധ്യായം XX -ൽ ഉൾപ്പെട്ടുവരുന്നതാണ് പ്രസ്തുത വകുപ്പ്. അത് ഇപ്രകാരമാണ്, "മറ്റൊരു പുരുഷന്റെ ഭാര്യയായിരിക്കുകയും മറ്റൊരു പുരുഷന്റെ ഭാര്യയാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുന്ന ഒരാളുമായി, ആ പുരുഷന്റെ സമ്മതമോ മൗനാനുവാദമോ കൂടാതെ ബലാത്സംഗ കുറ്റമാകാത്ത ലൈംഗിക സംഗം ചെയ്യുന്ന ഏതൊരാളും വ്യഭിചാരക്കുറ്റത്തിന് അപരാധിയാകുന്നതും, അയാൾ അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു. അങ്ങനെയുള്ള സംഗതിയിൽ ഒരു പ്രേരക എന്ന നിലയിൽ ഭാര്യ ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല." ഇതനുസരിച്ച്, ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ ഭാര്യയുമായി, അയാളുടെ അറിവോ സമ്മതമോ കൂടാതെ, ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്ന പക്ഷം പുരുഷനാണ് ശിക്ഷിക്കപ്പെടുന്നത്. പുരുഷന്റെ പങ്കാളിയായ സ്ത്രീയെ കുറ്റക്കാരിയായോ അക്രമപ്രേരകയായോ പരിഗണിക്കുന്നതിനോ ശിക്ഷിക്കുന്നതിനോ വ്യവസ്ഥയില്ല. അവിഹിത വേഴ്ചയിൽ ഏർപ്പെടുന്നത് വഴി മറ്റൊരാളുടെ ദാമ്പത്യബന്ധത്തിന്റെ പവിത്രത കളങ്കപ്പെടുത്തുന്ന പുരുഷൻ ശിക്ഷിക്കപ്പെടണമെന്നതാണ് 497-ാം വകുപ്പിന്റെ ഉദാത്തമായ ലക്ഷ്യം. ഇവിടെ ആവലാതിക്കാരനും പ്രതിയും പുരുഷന്മാരാണ്. ഇത്തരം കുറ്റ കൃത്യങ്ങളുടെ വിചാരണ സംബന്ധിച്ച നടപടികൾ ക്രിമിനൽ നടപടി നിയമ സംഹിതയുടെ 198-ാം വകുപ്പിലാണുള്ളത്. അതായത് അവിഹിത വേഴ്ചയിൽ ഏർപ്പെടുന്ന സ്ത്രീയുടെ ഭർത്താവിന് മാത്രമേ ഒരു നീതിന്യായ കോടതിയെ സമീപിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഭർത്താവ് ഇല്ലാത്ത സ്ത്രീയുടെ കാര്യത്തിൽ കോടിയുടെ അനുമതിയോടുകൂടി ആ സ്ത്രീയുടെ സംരക്ഷണ ചുമതലുള്ള മറ്റൊരാൾക്കും കേസ് ഫയൽ ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ വിവാഹേതര ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്ന ഭർത്താവിനെതിരെ നടപടി കൈക്കൊള്ളുന്നതിന് അയാളുടെ ഭാര്യയ്ക്ക് അവകാശമില്ല. വ്യഭിചാരിയായ ഭർത്താവിനെതിരെ 'ക്രിമിനൽ നടപടി' എന്ന ആയുധം പ്രയോഗിക്കുന്നതിൽ നിന്നും ഭാര്യയെ തടയുകയെന്ന സദുദ്ദേശമാണ് ക്രിമിനൽ നടപടി നിയമസംഹിതയുടെ 198-ാം വകുപ്പിൽ അടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാണ്.

ആർഷഭാരത സംസ്കാരത്തിൽ കുടുംബം, വിവാഹം എന്നീ വ്യവസ്ഥിതികൾക്ക് നൽകിവരുന്ന പവിത്രതയുടെയും, ധാർമ്മിക നീതിയുടെയും, ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ് പ്രസ്തുത നിയമവ്യവസ്ഥകൾ. ബഹുഭാര്യത്വം സർവ്വസാധാരണമായിരുന്ന അക്കാലത്ത് മറ്റ് ഭാര്യമാർക്കൊപ്പം ഭർത്താവിനെ പങ്കുവെച്ചിരുന്ന സ്ത്രീകൾ ഏറെയും വൈവാഹിക ജീവിതം പവിത്രമായി കണക്കാക്കിപോന്നു. ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥയിലുള്ള അത്തരം സ്ത്രീകളെ വ്യഭിചാരകുറ്റത്തിന്റെ സൂത്രധാരകരായല്ല, ഇരകളായി പരിഗണിക്കുന്നതാണ് ഉചിതമെന്ന് നിയമജ്ഞർ കണക്കാക്കിയിരുന്നത്. 497-ാം വകുപ്പ് ഇത്തരത്തിൽ ചിട്ടപ്പെടുത്താനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുന്നതാണ് ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ ഗ്രന്ഥകർത്താവായ മെക്കാളെപ്രഭുവിന്റെ ഈ വാക്കുകൾ:

"Though we well know that the dearest interests of the human race are closely connected with the chastity of women and the sacredness of the nuptial contract, we cannot but feel that there are peculiarities in the state of society in this country which may well lead a humane man to pause before he determines to punish the infidelity of wives. The condition of the women of this country is, unhappily, very different from that of the women of England and France; they are married while still children: they are often neglected for other wives while still young. They share the attentions of a husband with several rivals. To

make laws for punishing the inconstancy of the wife, while the law admits the privilege of the husband to fill his zenana with women, is a course which we are most reluctant to adopt. We are not so visionary as to think of attacking, by lawan an evil so deeply rooted in the manners of the people of this country as polygamy. We leave it to the slow, but we trust the certain, operation of education and of time. But while it exists, while it continues to produce its never failling effects on the happiness and respectability of women, we are not inclined to throw into a scale, already too much depressed the additional weigh of the penal law."

ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 497-ാം വകുപ്പ്, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 198-ാം വകുപ്പ് എന്നിവയെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി വാദമുഖങ്ങൾ ഇന്നും നിലനിൽക്കുന്നു. 497-ാം വകുപ്പ് സ്ത്രീവിരുദ്ധമാണെന്നും സ്ത്രീകൾ ഭർത്താവിന്റെ സ്വത്ത് ആണെന്ന സങ്കല്പത്തിൽ നിന്നാണ് 497-ാം വകുപ്പ് ചിട്ടപ്പെടുത്തിയിട്ടുള്ളതെന്നും അക്കാരണത്താൽ അത് റദ്ദ് ചെയ്യേണ്ടതുമാണെന്നാണ് സ്ത്രീപക്ഷക്കാരുടെ ആവശ്യം. ക്രമിനൽ നടപടി നിയമസംഹിതയുടെ 198-ാം വകുപ്പനുസരിച്ച് വ്യഭിചാര കുറ്റത്തിൽ ഏർപ്പെടുന്ന ഭർത്താവിനെതിരെ ക്രിമിനൽ നടപടി കൈക്കൊള്ളുന്നതിൽ നിലവിൽ സ്ത്രീകൾക്കുള്ള വിലക്ക് നീക്കം ചെയ്യുക, ഭർത്താവിന്റെ ലൈംഗിക അച്ചടക്കമില്ലായ്മക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിന് ഭാര്യയ്ക്ക് അവകാശം നൽകുക, 198-ാം വകുപ്പിന്റെ ആവശ്യത്തിലേക്ക് ഭാര്യയെ പരാതിക്കാരിയായി പരിഗണിക്കുക എന്നീ ആവശ്യങ്ങൾക്കായുള്ള ഭേദഗതി നിർദ്ദേശങ്ങളും അവർ മുന്നോട്ട് വയ്ക്കുന്നു. മറിച്ച്, 497-ാം വകുപ്പ് സ്ത്രീ പുരുഷ സമത്വം എന്ന ആശയത്തിന് വിരുദ്ധമാണെന്നും അതുകൊണ്ട് വ്യഭിചാരകുറ്റത്തിൽ പുരുഷനോടൊപ്പം സ്ത്രീയും ശിക്ഷിക്കപ്പെടേണ്ടതുമാണെന്നാണ് പുരുഷവാദികളുടെ ആവശ്യം. മാറിയ സാമൂഹിക ക്രമത്തിൽ സ്ത്രീകൾ അവർക്ക് അനുകൂലമായ ഈ നിയമവ്യവസ്ഥ ദുരുപയോഗം ചെയ്യുമെന്നും മറ്റുമുള്ള ആശങ്കയാണ് ഇക്കൂട്ടർക്ക്.

> **നിലവിൽ വൈവേഹികേതര ശാരീരികബന്ധത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പൂർണ്ണമായ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. അവിവാഹിത/വിധവ എന്നിവരുമായുള്ള ശാരീരികബന്ധം, വിവാഹിതയായ സ്ത്രീയുടെ ഭർത്താവിന്റെ അറിവോ സമ്മതത്തോടെയോ ഉള്ള ശാരീരികബന്ധം എന്നിവ 497-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധേയമാണ്.**

ഇത്തരുണത്തിലാണ്, 497-ാം വകുപ്പിന് കേന്ദ്രസർക്കാർ നിയോഗിച്ച നീതിന്യായ വ്യവസ്ഥാപകരിഷ്കരണം സംബന്ധിച്ച ജസ്റ്റീസ് മറിമഠ് കമ്മിറ്റിയുടെ ഭേഗഗതി നിർദ്ദേശവും ശ്രദ്ധേയമാകുന്നത്. വ്യഭിചാരം സംബന്ധിച്ച കുറ്റവ്യവസ്ഥയുടെ പരിധിയിൽ പുരുഷനോടൊപ്പം സ്ത്രീയെയും ഉൾപ്പെടുത്തണമെന്ന ഭേദഗതി നിർദ്ദേശമാണ് ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. പരസ്ത്രീകളുമായി ശാരീരിക ബന്ധം പുലർത്തുന്ന പുരുഷനെ ശിക്ഷിക്കുന്നു എന്ന കാരണത്താൽ പരപുരുഷനുമായി ശാരീരിക ബന്ധം പുലർത്തുന്ന സ്ത്രീയേയും ശിക്ഷിക്കപ്പെടേണ്ടതാണെന്നും അതിലേക്ക് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത ഭേദഗതി ചെയ്യേണ്ടതുണ്ടെന്നുമാണ് കമ്മിറ്റിയുടെ അഭിപ്രായം.

മേൽ വിവരിച്ച ഭേദഗതി നിർദ്ദേശങ്ങൾ സ്ത്രീകൾക്ക് ഗുണകരമാണോയെന്നതും, വൈവാഹിക ജീവിതത്തിന്റെ കെട്ടുറപ്പിക്കുന്നതിന് പര്യാപ്തമാണോയെന്നതും സംബന്ധിച്ച പ്രായോഗിക വശങ്ങളാണ് ഇവിടെ പരിഗണിക്കപ്പെടേണ്ടത്. ഭാരത ഭരണഘടനയുടെ അനുച്ഛേദം 15 (3)-ൽ സ്ത്രീകൾക്ക് നൽകിയിട്ടുള്ള പ്രത്യേക പരിരക്ഷ കണക്കിലെടുക്കുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 497-ാം വകുപ്പ്, ക്രിമിനൽ നടപടി നിയമത്തിന്റെ 198-ാം വകുപ്പ് എന്നിവയ്ക്ക് സ്ത്രീപക്ഷക്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിൽ നിയമ തടസ്സമില്ല. ഇക്കാര്യത്തിൽ കോടതികളും അവയുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 497-ാം വകുപ്പ്, ഭരണഘടനയുടെ 14-ാം അനുഛേദത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ഭരണഘടനാപരമായി സ്ത്രീകൾക്കുള്ള പ്രത്യേക സംരക്ഷണ വ്യവസ്ഥകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വിധിന്യായങ്ങളാണ് ഉന്നതനീതിപീഠങ്ങൾ പുറപ്പെടുവിച്ചുള്ളത്. സൗമിത്രി വിഷ്ണു vs. യൂണിയൻ ഓഫ് ഇൻഡ്യ (എ.ഐ.ആർ 1985 എസ്.സി. 1618) എന്ന കേസിൽ 497-ാം വകുപ്പ് റദ്ദാക്കണമെന്ന ആവശ്യം തള്ളിക്കളഞ്ഞ ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്തുത നിയമവ്യവസ്ഥയ്ക്ക് ഉചിതമായ ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടത് നിയമനിർമ്മാണസഭകളാണെന്നും അഭിപ്രായപ്പെട്ടു. ഭാരതത്തിലെ ഭൂരിഭാഗം വരുന്ന വനിതകളുടെ, പ്രത്യേകിച്ചും ഗ്രാമീണമേഖലയിലെ വനിതകളുടെ, പിന്നാക്കാവസ്ഥയും, സാമൂഹികസാമ്പത്തിക രാഷ്ട്രീയ മേഖലകളിലെ അവരുടെ മന്ദഗതിയിലുള്ള പുരോഗതിയും കണക്കിലെടുക്കുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 497-ാം വകുപ്പിന്റെ ആവശ്യത്തിലേക്ക് പുരുഷനൊപ്പം സ്ത്രീയും ശിക്ഷിക്കപ്പെടേണ്ടതാണെന്ന വാദം നീതീകരിക്കാവുന്നതല്ല. മാറിയ സാമൂഹികക്രമത്തിൽ, സ്ത്രീകൾ അവർക്ക് അനുകൂലമായ ഈ നിയമവ്യവസ്ഥ ദുരുപയോഗം ചെയ്യുമെന്നും മറ്റുമുള്ള ആശങ്കകൾക്ക് അടിസ്ഥാനമുണ്ടെന്ന് കരുതുവാനും ന്യായമില്ല.

നിലവിൽ വൈവേഹികേതര ശാരീരികബന്ധത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പൂർണ്ണമായ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. അവിവാഹിത/വിധവ എന്നിവരുമായുള്ള ശാരീരികബന്ധം, വിവാഹിതയായ സ്ത്രീയുടെ ഭർത്താവിന്റെ അറിവോ സമ്മതത്തോടെയോ ഉള്ള ശാരീരികബന്ധം എന്നിവ 497-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധേയമാണ്. വ്യഭിചാരിയായ പുരുഷനൊപ്പം സ്ത്രീയേയും ശിക്ഷി

# ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ സർക്കാരിന്റെ നൊങ്ക് സർബത്ത്; ഒന്നും മനസിലാകുന്നില്ലെന്ന് കമ്മീഷൻ

ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ സർക്കാർ സ്ഥാപനമായ കെൽപാം ജ്യൂസുണ്ടാക്കി ബങ്കുകൾ വഴി വിതരണം ചെയ്യുന്നത് എങ്ങനെയാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

സർക്കാരിന്റെയോ കമ്പനി ഡയറക്ടർ ബോർഡിന്റെയോ അംഗീകാരമില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ച് ബങ്കുകൾ തോറും ജ്യൂസ് വിതരണം ചെയ്യാൻ കെൽപാമിന് ആരാണ് അധികാരം നൽകിയതെന്നും കമ്മീഷൻ ഉത്തരവിൽ ചോദിച്ചു.

കമ്പനിയുടെ അനുമതിയില്ലാതെ കെൽപാം ചെയർമാൻ സ്വന്തം നിലയിൽ നീക്കം ചെയ്ത ബങ്കുകൾ ഉടൻ തിരികെ നൽകണമെന്നും ഉത്തരവിൽ പറയുന്നു.

പാമാംകോട് ഞരമ്പുവിളയിൽ എ. അജിത്കുമാറിന്റേതായിരുന്നു നീക്കം ചെയ്ത ബങ്കുകൾ. കൻേറാൺമെന്റ് പോലീസ് സ്റ്റേഷനും സ്പോർട്ട്സ് കൗൺസിലിനും സമീപമായിരുന്നു അജിത്കുമാറിന്റെ ബങ്കുകൾ പ്രവർത്തിച്ചിരുന്നത്.

ബങ്കുകൾ നീക്കം ചെയ്തത് ചെയർമാൻ സ്വന്തം നിലയിലാണെന്നും ഇതിന് കമ്പനി എം.ഡിയുടേയോ ഡയറക്ടർ ബോർഡിന്റേയോ അനുമതി ഉണ്ടായിരുന്നില്ലെന്നും കെൽപാം മാനേജിംഗ് ഡയറക്ടർ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു.

കെൽപാം ചെയർമാൻ കെൽപാമിന്റെ കുറവൻകോണം ഓഫീസിൽ സ്വന്തം നിലയിൽ നൊങ്ക് ജൂസുണ്ടാക്കി ഏജന്റുമാർക്ക് വിതരണം ചെയ്യുകയാണെന്ന് കമ്പനി എം.ഡി. വിശദീകരണത്തിൽ പറയുന്നു.

ഇതിന് നിയമപരമായ പിൻബലമില്ലെന്നും ഇത്തരത്തിലുണ്ടാക്കി കെൽപാം ബങ്കുകൾ തോറും വിൽക്കുന്ന നൊങ്ക് ജ്യൂസിന് നിലവാരമില്ലെന്നും വിശദീകരണത്തിൽ പറയുന്നു.

സംഭവത്തെകുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കാൻ ജസ്റ്റിസ് ജെ.ബി. കോശി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

തനിക്ക് എതിരെയുള്ള ആരോപണങ്ങളെ കുറിച്ച് ആക്ഷേപമെന്തെങ്കിലുമുണ്ടെങ്കിൽ ചെയർമാൻ അഡ്വ. കെ.പി. വിശ്വനാഥനും സത്യവാങ്മൂലം ഫയൽ ചെയ്യാം.

---

ക്കപ്പെടുന്നത് പുരുഷനോ സ്ത്രീയ്ക്കോ ഗുണകരമാകുന്നില്ലെന്ന് മാത്രമല്ല, അതുവഴി സ്ത്രീപുരുഷ സമത്വം കൈവരിക്കാനാകുമെന്ന് ഒരു കൂട്ടരുടെ വാദം സ്ത്രീകൾക്ക് തിരിച്ചടി മാത്രം നൽകുന്നതാണ്. ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പ്രകാരം, അവിഹിതവേഴ്ച കുറ്റകരമായിട്ടുണ്ടെങ്കിലും, ഇൻഡ്യൻ തെളിവു നിയമത്തിന്റെ കാർക്കശ്യ സ്വഭാവം നിമിത്തം പലപ്പോഴും പ്രസ്തുത കുറ്റം നീതിന്യായ കോടതികളിൽ തെളിയിക്കപ്പെടുന്നത് ദുഷ്ക്കരമാണ്. നിലവിലെ നിയമ വ്യവസ്ഥയനുസരിച്ച് "വ്യഭിചാര ജീവിതം നയിക്കുന്നു" എന്നത് ജീവിത പങ്കാളിയിൽ നിന്നും വിവാഹമോചനം നേടുന്നതിനുള്ള മതിയായ ഒരു കാരണമാണ്. എന്നിരുന്നാലും, വിവാഹബന്ധം നിലനിർത്തുന്നതിനായി തന്റെ ഇണയുടെ പരസ്ത്രീ/പരപുരുഷ ബന്ധത്തെ സ്വധർമ്മത്തിൽ നിന്നുള്ള കേവല വ്യതിചലനമായി മാത്രം കണ്ട് അത്തരം തെറ്റുകൾ പൊറുത്ത് മാപ്പാക്കുകയോ അവർക്കെതിരെ ക്രിമിനൽ നടപടി അവംലബിക്കുന്നതിനു പകരം മറ്റ് പരിഹാരമാർഗ്ഗങ്ങൾ തേടുകയോ ചെയ്യുന്ന ധാരാളം ഉദാഹരണങ്ങളും ഉണ്ട്.

ചുരുക്കത്തിൽ 497-ാം വകുപ്പിന് ജസ്റ്റിസ് മളീമഠ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കാനിടയുള്ളതാണ്. നിലവിലുള്ള നിയമവ്യവസ്ഥയുടെ പ്രായോഗിക ഉദ്ദേശ്യലക്ഷ്യം മനസ്സിലാക്കാതെയുള്ള വ്യാഖ്യാനങ്ങളും ഭേദഗതി നിർദ്ദേശങ്ങളുമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഭാര്യാഭർത്തൃ ബന്ധത്തിൽ വ്യക്തികളുടെ പദവിയോ സ്ഥാനമോ അല്ല; മറിച്ച് 'കുടുംബം' എന്ന വ്യവസ്ഥിതിയുടെ ഭദ്രതയും സദാചാരവും കാത്തുസൂക്ഷിക്കുന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതിനുള്ള ധാർമ്മിക ഉത്തരവാദിത്വം പുരുഷനിൽ നിക്ഷിപ്തമാക്കപ്പെട്ടു എന്നുമാത്രം. ഇത് മനസ്സിലാക്കാതെയുള്ള വ്യഖ്യാനങ്ങളും ഭേദഗതി നിർദ്ദേശങ്ങളുമാണ് തെറ്റായ വിശകലനങ്ങളിലേയ്ക്കും നിഗമനങ്ങളിലേയ്ക്കും നയിക്കുന്നത്. ഇതിൻെറ ശരിയായ ഉദ്ദേശ്യലക്ഷ്യം തിരിച്ചറിഞ്ഞുകൊണ്ട് വേണം 497-ാം വകുപ്പിനെ സമീപിക്കേണ്ടത്.

വിവാഹേതര ശാരീരികബന്ധം ഒരു ക്രിമിനൽ കുറ്റം ആയി നിലനിർത്തേണ്ടതുണ്ടോ എന്നതു സംബന്ധിച്ച ചർച്ചകളും ഇന്ന് അനിവാര്യമായിരിക്കുകയാണ്. ധാർമ്മികതയ്ക്ക് വില കൽപ്പിക്കുന്ന മറ്റു പല ലോക രാഷ്ട്രങ്ങളിലും വിവാഹേതര ശാരീരിക ബന്ധം ഇപ്പോൾ ക്രിമിനൽ കുറ്റം അല്ല; പകരം ഒരു സിവിൽ പരിഹാരമാർഗ്ഗമായാണ് പരിഗണിച്ചിട്ടുള്ളത്.

ഇതിനു പുറമേ, നിലവിലുള്ള മറ്റു സ്ത്രീ സംരക്ഷണ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത രീതിയിൽ, വ്യഭിചാരിയായ ഭർത്താവിൽ നിന്നും വിശ്വാസ ലംഘനത്തിനോ അപകീർത്തിപ്പെടുത്തലിനോ നഷ്ടപരിഹാരം തേടുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുന്ന നിയമം പരിഷ്കരണ നടപടികളും അവലംബിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ദേശീയ തലത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കിയ ശേഷം അതനുസരിച്ച് നിയമങ്ങൾ ചിട്ടപ്പെടുത്തുന്നതാകും ഉചിതം.



(ലേഖിക നിയമവകുപ്പിലെ സെക്ഷൻ ഓഫീസറാണ്)

# വിഴിഞ്ഞം തുറമുഖത്തിന് ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം കിട്ടി

തിരുവനന്തപുരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനു വേണ്ടി സ്ഥലവും വീടും ഏറ്റെടുത്തപ്പോൾ വീട്ടിൽ ആൾപാർപ്പില്ലെന്ന പേരിൽ നഷ്ടപരിഹാരം നിഷേധിച്ച തെങ്ങുകയറ്റ തൊഴിലാളിക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് സർക്കാർ നഷ്ടപരിഹാരം അനുവദിച്ചു.

കോട്ടുകാൽ സുനീഷ്ഭവനിൽ സി.സുരേന്ദ്രൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

തന്റെ 7 സെന്റ് സ്ഥലവും വീടും സർക്കാർ ഏറ്റെടുത്തെങ്കിലും നഷ്ടപരിഹാരം നൽകിയില്ലെന്നായിരുന്നു പരാതി.

കമ്മീഷൻ ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം തേടി.

തുടർന്ന് വസ്തു പൊന്നുംവിലക്കെടുത്തതായും സുരേന്ദ്രന് പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി കോട്ടുകാൽ വില്ലേജിൽ 5 സെന്റ് വസ്തു അനുവദിച്ചതായും വിഴിഞ്ഞം തുറമുഖം പൊന്നുംവില തഹസിൽദാർ കമ്മീഷനെ അറിയിച്ചു.

# കമ്മീഷൻ ഇടപെടൽ: നാലുവർഷങ്ങൾക്കുശേഷം പോലീസുകാരന് പെൻഷൻ

പത്തനംതിട്ട മൂഴിയാർ പോലീസ് സ്റ്റേഷനിൽ നിന്നും 2010 മാർച്ചിൽ എ.എസ്.ഐ യായി സർവ്വീസിൽ നിന്നും വിരമിച്ച ജെ. മോഹനന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി നാലു വർഷങ്ങൾക്കു ശേഷം പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചു.

2007-ൽ തണ്ണിത്തോട് സ്റ്റേഷനിൽ ജോലിനോക്കവേയുണ്ടായ ഒരു വകുപ്പുതല നടപടിയെ തുടർന്നാണ് നാലു വർഷങ്ങൾക്കു ശേഷവും മോഹനന്റെ പെൻഷൻ തടഞ്ഞുവച്ചത്.

കമ്മീഷൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 2012-ൽ പരാതിക്കാരന്റെ പെൻഷനിൽ നിന്നും പ്രതിമാസം 200 രൂപ ശിക്ഷാനടപടിയുടെ ഭാഗമായി ഈടാക്കാൻ തീരുമാനിച്ചിരുന്നതായി ജില്ലാ പോലീസ് മേധാവി കമ്മീഷനെ അറിയിച്ചു.

എന്നാൽ ഇക്കാര്യം എ.ജിയെ അറിയിച്ചത് 2013-ൽ മാത്രമാണ്. ഒരു മാസത്തിനകം പെൻഷൻ നൽകിയിരിക്കണമെന്ന് കമ്മീഷൻ അന്ത്യശാസനം നൽകിയിരുന്നു. വൈകുകയാണെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടിരുന്നു. പെൻഷൻ ഉടൻ അനുവദിക്കണമെന്ന് കാണിച്ച് കമ്മീഷൻ അക്കൗണ്ടന്റ് ജനറലിനും നോട്ടീസയച്ചു.

കമ്മീഷൻ ഉത്തരവിനെ തുടർന്ന് 2,77,147 രൂപയുടെ ഡി.സി.ആർ.ജിക്ക് അക്കൗണ്ട് ജനറൽ അനുമതി നൽകി. എന്നാൽ തിരുവല്ല സബ്ട്രഷറി ഓഫീസിൽ നിന്നും നോൺപേയ്മെന്റ് സർട്ടിഫിക്കേറ്റ് ലഭിച്ചില്ലെന്നും അത് ലഭിച്ചാൽ മാത്രമേ തുക പാസാക്കുകയുള്ളൂവെന്നും എ.ജി. അറിയിച്ചു. തുടർന്ന് എൻ.ഒ.സി. നൽകാൻ കമ്മീഷൻ തിരുവല്ല സബ്ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകി.

ജില്ലാ പോലീസ് മേധാവിയിൽ നിന്നും ലഭിച്ച ബാധ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 19,000 രൂപ പിടിച്ച് 2,58,147 രൂപ മോഹനന് നൽകിയതായി തിരുവല്ല ട്രഷറി ഓഫീസർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. ബാധ്യതയെ കുറിച്ച് തർക്കമുണ്ടെങ്കിൽ പരാതിക്കാരന് മേലുദ്യോഗസ്ഥരെ സമീപിക്കാമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# ഒൻപതാം ക്ലാസിൽ റ്റി.സി തലസ്ഥാനത്തും; സ്വകാര്യ സ്കൂളിന് നോട്ടിസയച്ചു

പഠിക്കാൻ മോശമായതിനാൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിക്ക് റ്റി.സി. നൽകുമെന്ന സ്വകാര്യ സ്കൂൾ അധികൃതരുടെ പിടിവാശിക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി കേസെടുത്തു. പ്രിൻസിപ്പലിന് നോട്ടീസയക്കാനും കമ്മീഷൻ ഉത്തരവായി.

തിരുവനന്തപുരത്തെ സ്വകാര്യ സി.ബി.എസ്.ഇ സ്കൂളിൽ ഒൻപതിൽ പഠിക്കുന്ന വിദ്യാർത്ഥിയെയാണ് മാർക്ക് കുറഞ്ഞതിന്റെ പേരിൽ റ്റി.സി. വാങ്ങാൻ സ്കൂൾ അധികൃതർ നിർബന്ധിക്കുന്നത്.

പത്തിൽ 100 ശതമാനം വിജയം കൈവരിക്കാൻ വിദ്യാർത്ഥിയെ മാറ്റണമെന്ന് പ്രിൻസിപ്പൽ നിർബന്ധിക്കുന്നതായാണ് പരാതി. എൽ.കെ.ജി മുതൽ ഇതേ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിയുടെ പിതാവാണ് പരാതിക്കാരൻ.

തനിക്ക് ഹൃദയാഘാതം ഉണ്ടായത് കണ്ടതിനെ തുടർന്ന് മകന് ഫിറ്റ്സ് വന്നുവെന്നും മാനസിക വിഷമങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ ഫിററ്സ് വരാറുണ്ടെന്നും പരാതിയിൽ പറയുന്നു. പാഠ്യവിഷയങ്ങളിൽ മകനെ മുന്നിലെത്തിക്കാൻ താൻ ശ്രമിക്കുന്നുണ്ടെന്നും ഇക്കാര്യം അഭിഭാഷകൻ വഴി സ്കൂൾ അധികൃതരെ അറിയിച്ചെങ്കിലും അവർ ചെവിക്കൊണ്ടില്ലെന്നും പരാതിയിൽ പറയുന്നു.

സ്കൂൾ അധികൃതരുടെ നടപടി മകനെ നിത്യരോഗിയാക്കുമെന്നും പരാതിയിലുണ്ട്.

# കമ്മീഷൻ ഇടപെട്ടപ്പോൾ ഉദ്യോഗസ്ഥർ അനങ്ങി; കുടിവെള്ളം ലഭ്യമായി

ഉദ്യോഗസ്ഥരുടെ അനാസ്ഥയും ഓഫീസിലുള്ള കാലതാമസവും കാരണം കുടിവെള്ളം ലഭിക്കാതിരുന്ന രണ്ടുപേർക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് കുടിവെള്ളം ലഭിച്ചു. 90 ശതമാനം കാഴ്ചവൈകല്യമുള്ള റാന്നി അങ്ങാടി കൊണ്ടനാട്ട് വീട്ടിൽ കെ.സി. അനിൽ കുമാറിനും പത്തനംതിട്ട റ്റി.ബി. റോഡിൽ രാജു. കെ. വർഗ്ഗീസിനുമാണ് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് കുടിവെള്ളം ലഭിച്ചത്.

2012 ഡിസംബറിലാണ് അനിൽ കുമാറിന് കുടിവെള്ളകണക്ഷൻ ലഭിച്ചത്. 2013 ഡിസംബർ വരെയുള്ള തുകയും അടച്ചു. എന്നിട്ടും കണക്ഷൻ എടുത്ത നാൾമുതൽ ഒരു തുള്ളി വെള്ളം പോലും കിട്ടിയില്ല.

കമ്മീഷൻ റാന്നി ഗ്രാമപഞ്ചായത്തിനോടും വാട്ടർ അതോറിറ്റിയോടും വിശദീകരണം ആവശ്യപ്പെട്ടു. തുടർന്ന് റാന്നി വാട്ടർ അതോറിറ്റി അധികൃതർ അനിൽകുമാറിന് കുടിവെള്ളം ലഭ്യമാക്കി. അനിൽകുമാറിന്റെ വീട് ഉയർന്ന പ്രദേശത്തായതിനാലാണ് കുടിവെള്ള വിതരണത്തിൽ തടസ്സമുണ്ടായതെന്ന് വാട്ടർ അതോറിറ്റി കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. പരാതിക്കാരന് കുടിവെള്ളം ലഭ്യമാക്കിയതായും വാട്ടർ അതോറിറ്റി കമ്മീഷനെ അറിയിച്ചു.

രാജു. കെ. വർഗ്ഗീസ് കുടിവെള്ള കണക്ഷനെടുക്കുന്നതിന് റോഡ് മുറിക്കാൻ അനുവാദത്തിനായി 2013 ജൂൺ 26-ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ നൽകി. അഞ്ചുമാസം കഴിഞ്ഞിട്ടും അനുമതി ലഭിക്കാത്തതിനെ തുടർന്നാണ് രാജു കമ്മീഷനെ സമീപിച്ചത്.

ഇതിനിടയിൽ നഗരസഭയിൽ 56048 രൂപ കെട്ടിടനികുതിയും അടച്ചു. കമ്മീഷൻ പൊതുമരാമത്ത് വകുപ്പിനോട് വിശദീകരണം ആവശ്യപ്പെട്ടു. കുടിവെള്ളം മനുഷ്യാവകാശമായതിനാൽ കണക്ഷന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി. തുടർന്ന് പൊതുമരാമത്ത് വകുപ്പ് റോഡ് മുറിക്കാനുള്ള അനുമതിയും വാട്ടർ അതോറിറ്റി കണക്ഷനും നൽകി.

## മുരുക്കുംപുഴ മാലിന്യനിക്ഷേപം: ഇരകൾക്ക് പൈപ്പ് കണക്ഷൻ നൽകണം

തിരുവനന്തപുരം മുരുക്കുംപുഴ റയിൽവേ സ്റ്റേഷനിൽ നഗരമാലിന്യങ്ങൾ ഉപയോഗിച്ച് പ്ലാറ്റ്ഫോം നിർമ്മിച്ചതുകാരണം കിണർവെള്ളം മലിനമായവർക്ക് വാട്ടർ അതോറിറ്റി പൈപ്പ് കണക്ഷൻ നൽകി ശുദ്ധജലവിതരണം ഉറപ്പാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു. മുരുക്കുംപുഴ ആക്ഷൻകൗൺസിൽ സെക്രട്ടറി ഫ്രാങ്ക്ളിൻ പെരേരയും പ്രദീപ് ദിവാകരനും സമർപ്പിച്ച പരാതിയിലാണ് നടപടി. മുരുക്കുംപുഴയിൽ കിണർവെള്ളം മലിനമായിട്ടുണ്ടെന്ന് കമ്മീഷൻ കണ്ടെത്തി. റയിൽവേ പ്ലാറ്റ്ഫോം നിർമ്മാണത്തിന് ശേഷമാണ് ഇത്.

മലിനീകരണം സംബന്ധിച്ച് സർക്കാർ നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

പ്ലാറ്റ്ഫോം നിർമ്മാണത്തിന് ശുചിത്വമിഷൻ നൽകിയ 9 നിർദ്ദേശങ്ങൾ നടപ്പിലാക്കിയോ എന്നറിയില്ലെന്നും ഉത്തരവിൽ പറയുന്നു. ഇത് വിദഗ്ധസമിതി പരിശോധിക്കണമായിരുന്നുവെന്നും ഉത്തരവിലുണ്ട്. റയിൽവേ പ്ലാറ്റ്ഫോം നിർമ്മാണത്തിൽ പാളിച്ചയുണ്ടെന്നും പരാതിയിൽ പറയുന്നു.

മാലിന്യം നിക്ഷേപിക്കുന്നതിനു മുമ്പ് കുടിവെള്ളത്തിന് യാതൊരു കുഴപ്പവുമുണ്ടായിരു ന്നില്ലെന്നും പരാതിയിൽ പറയുന്നു. പരാതിക്കാർക്കും നാട്ടുകാർക്കും ശുദ്ധമായ കുടിവെള്ളം കിട്ടുന്നില്ലെങ്കിൽ അവർക്ക് കുടിവെള്ളം നൽകാൻ സർക്കാരിനും റെയിൽവേക്കും നഗരസഭക്കും ബാദ്ധ്യതയുണ്ടെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## കൊച്ചീടെ ജെട്ടിപാലത്തിൽ വെളിച്ചമില്ല; കേസെടുത്തു

ആലപ്പുഴ ആറാട്ടുപുഴ പഞ്ചായത്തിലെ കൊച്ചീടെ ജെട്ടി പാലത്തിൽ ഒരു വർഷമായി വിളക്കുകൾ തെളിയാത്തതിനെ തുടർന്ന് പാലം ഇരുട്ടിലായ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ സ്വമേധയാ കേസെടുത്തു. മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി.

വൈദ്യുതി ബോർഡിന്റെ കായംകുളം, കാർത്തികപ്പള്ളി, അസിസ്റ്റന്റ് എഞ്ചിനീയർമാരും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു.

കൊച്ചീടെ ജെട്ടി പാലത്തിന്റെ ഇരുവശത്തുമായി 60 വിളക്കുകളുള്ളതിൽ ഒന്നുപോലും തെളിയുന്നില്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപണി നടത്തേണ്ടത് പഞ്ചായത്തായതിനാൽ കെ.എസ്.ഇ.ബി. തിരിഞ്ഞുനോക്കിയില്ലെന്ന് പരാതിയുണ്ടെന്നും കമ്മീഷൻ വാർത്താ കുറുപ്പിൽ അറിയിച്ചു.

# വൈദ്യുത തൂണ് മുറിഞ്ഞുവീണ് പരിക്കേറ്റു; വൈദ്യുതിബോർഡ് 50,000 രൂപ നഷ്ടപരിഹാരം നൽകണം

**തൊ**ഴിലുറപ്പ് പദ്ധതിയിൽ റോഡ് വൃത്തിയാക്കുന്നതിനിടയിൽ വൈദ്യുതി തൂണ് വീണ് കാലിന് പരുക്കേറ്റ സ്ത്രീക്ക് 50,000 രൂപ വൈദ്യുതി ബോർഡ് നഷ്ടപരിഹാരം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

തൊഴിലുറപ്പുകാർ വൈദ്യുതി തൂണിന്റെ ചുവട്ടിലെ മണ്ണുമാന്തിയതു കാരണമാണ് തൂണ് മറിയാനിടയായതെന്ന വൈദ്യുതബോർഡിന്റെ വാദം കമ്മീഷൻ തള്ളി.

തുക 45 ദിവസത്തിനകം നൽകിയ ശേഷം കമ്മീഷനെ രേഖാമൂലം അറിയിക്കണമെന്നും ഉത്തരവിൽ പറയുന്നു.

2012 ജനുവരി 16-നായിരുന്നു സംഭവം. വാമനപുരം പഞ്ചായത്തിൽ അമ്പലമുക്ക് കൈലാസത്ത് കുന്ന് റോഡ് വൃത്തിയാക്കുന്നതിനിടയിലാണ് വാമനപുരം സ്വദേശി ഇന്ദിരയുടെ കാലിൽ വൈദ്യുതി തൂണ് വീണത്. സംഭവ സ്ഥലത്തിനു സമീപം വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കുന്ന ജോലികൾ നടക്കുകയായിരുന്നു.

ഇന്ദിരയുടെ ഉപ്പൂറ്റിക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. ചികിത്സാ സഹായത്തിനുവേണ്ടി വൈദ്യുത ബോർഡിനെ സമീപിച്ചെങ്കിലും സഹായം നൽകാൻ അവർ വിസമ്മതിച്ചു. തുടർന്നാണ് മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചത്.

കമ്മീഷൻ വാമനപുരം പഞ്ചായത്ത്, വൈദ്യുതി ബോർഡ് എന്നിവരിൽ നിന്നും വിശദീകരണം തേടി.

മേൽനോട്ടക്കാരില്ലാതെ ജോലി ചെയ്ത തൊഴിലുറപ്പുകാർ വൈദ്യുതി തൂണിന് താഴെയുള്ള മണ്ണ് മാന്തിയതു കാരണമാണ് തൂണ് വീണതെന്ന വിചിത്രവാദമാണ് വൈദ്യുതി ബോർഡ് മുന്നോട്ടു വച്ചത്. വാദം കമ്മീഷൻ തള്ളി.

വാമനപുരം പഞ്ചായത്ത് സമർപ്പിച്ച വിശദീകരണത്തിൽ വൈദ്യുതി ബോർഡിന്റെ അനാസ്ഥയാണ് സംഭവത്തിന് കാരണമെന്ന് ചൂണ്ടിക്കാണിച്ചു. വൈദ്യുതി തൂണ് മാറ്റുന്നതിനിടയിൽ ബോർഡിന്റെ കരാർ ജീവനക്കാർ തൂണിന്റെ സ്റ്റേ കമ്പി ഇളക്കിയ വേളയിലാണ് തൂണ് മറിഞ്ഞതെന്ന് പഞ്ചായത്ത് വിശദീകരിച്ചു.

തന്റെ കാല് ഇതുവരെയും പൂർണ്ണമായും സുഖം പ്രാപിച്ചിട്ടില്ലെന്നും പരാതിക്കാരി വാദിച്ചു. ചികിത്സക്കായി ലക്ഷങ്ങൾ ചെലവായതായും വാദിച്ചു.

# ഇടമലക്കുടിയിൽ ഉദ്യോഗസ്ഥ പ്രാമാണിത്തം വേണ്ട

**ഇ**ടുക്കി ഇടമലക്കുടിയിൽ ആദിവാസി ക്ഷേമത്തിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്നും ചെറിയ പ്രശ്നങ്ങൾ പർവതീകരിക്കരുതെന്നും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

2013 ഡിസംബർ 6-ന് ഇടമലക്കുടിയിലേക്ക് പോയ മെഡിക്കൽ സംഘത്തെ വനംവകുപ്പുദ്യോഗസ്ഥർ തടഞ്ഞതിനെ ചൊല്ലിയുണ്ടായ ബഹളങ്ങളുടെ പശ്ചാത്തലത്തിലാണ് ഉത്തരവ്.

പീരുമേട് സ്വദേശി എം. മാടസ്വാമിയും ഇടുക്കി കോളനി സ്വദേശി അഡ്വ. രാജു സെബാസ്റ്റ്യനും സമർപ്പിച്ച ഹർജികളിലാണ് നടപടി.

മൂന്നാറിൽ നിന്നും കിലോമീറ്ററുകൾ അകലെ ഇടമലക്കുടിയിൽ കഴിയുന്ന 2200 -റോളം മനുഷ്യരെ വിവിധ സർക്കാർ വകുപ്പുകൾ ചേർന്ന് പറ്റിക്കുന്നതിനെതിരെയാണ് പരാതി. കമ്മീഷൻ വനം വകുപ്പധികൃതരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

ഡിസംബർ 6-ന് ഇടമലക്കുടിയിലേക്ക് പോയ മെഡിക്കൽ സംഘത്തിന്റെ പേരുവിവരം പെട്ടിമുടിയിലെത്തിയപ്പോൾ എഴുതി വാങ്ങിയെന്ന് വനംവകുപ്പുകാർ സമ്മതിച്ചു.

സംഘത്തിലുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ പെട്ടെന്ന് അസഹ്യനാവുകയും പേരുവിവരം ചോദിച്ചതിനെതിരെ വനംവകുപ്പുദ്യോഗസ്ഥനോട് കയർത്ത് സംസാരിച്ചതായും വിശദീകരണത്തിൽ പറയുന്നു.

തുടർന്ന് ഇടമലക്കുടിയിൽ ചെന്ന മെഡിക്കൽ സംഘം ആദിവാസി യുവാക്കളെയും കൂട്ടി പെട്ടിമുടിയിലെത്തി വനവകുപ്പുദ്യോഗസ്ഥരെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചെന്നും വിശദീകരണത്തിലുണ്ട്.

ഇടമലക്കുടിയിൽ നിന്നും മെഡിക്കൽ സംഘം കൊണ്ടുവന്ന രോഗിയായ യുവതിക്ക് സമയത്ത് ചികിത്സ നൽകാതെ 5-ാം മൈൽ ക്രോസ് ബാറിനു സമീപം വാഹനം മെഡിക്കൽ സംഘം നിർത്തിയിട്ടെന്നും വിശദീകരണത്തിലുണ്ട്. ഒടുവിൽ വഴക്കു തീർക്കാൻ ഇടുക്കി ജില്ലാകളകക്ടർ യോഗം വിളിച്ചുകൂട്ടി യെന്നും വിശദീകരണത്തിൽ പറയുന്നു. മെഡിക്കൽ സംഘത്തോട് വനംവകുപ്പുകാർ വിവരങ്ങൾ തിരക്കിയതിൽ തെറ്റില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

വനം, ആരോഗ്യവകുപ്പുകൾ ആദിവാസി ക്ഷേമത്തിനായി ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതാണ്. ആരുവലുതെന്ന ചിന്ത മാറ്റിവയ്ക്കണമെന്നും ആർ. നടരാജൻ ഉത്തരവിൽ പറയുന്നു. ഉത്തരവ് ഇടുക്കി ഡി.എം.ഒക്കും മുഖ്യവനപാലകനും കൈമാറി.

# ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ അപകടചികിത്സാ ചെലവ് സർക്കാർ വഹിക്കണം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് വാഹനാപകടം ഉണ്ടാകുമ്പോൾ മുഴുവൻ ചികിത്സാചിലവും സർക്കാർ വഹിക്കേണ്ടതാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

നഷ്ടപരിഹാര കേസ് ഫയൽ ചെയ്യപ്പെടുമ്പോൾ കേസിൽ സർക്കാരും കക്ഷിചേരണമെന്നും ഇൻഷ്വറൻസ് കമ്പനി നൽകുന്ന നഷ്ടപരിഹാരത്തുകയിൽ നിന്നും സർക്കാരിന് ചിലവായ പണം എടുക്കാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു.

മോട്ടോർവാഹന നിയമ ലംഘനങ്ങൾ വഴി ഈടാക്കുന്ന തുകയുടെ 10 ശതമാനം വാഹനാപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സക്കായി ഉപയോഗിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തവിൽ പറഞ്ഞു. 108 ആമ്പുലൻസിന്റെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കണമെന്നും ഉത്തരവിലുണ്ട്.

2011-12 സാമ്പത്തിക വർഷം തിരഞ്ഞെടുക്കപ്പെട്ട 10 ആശുപത്രികളിൽ വാഹനാപകടങ്ങൾ നേരിടുന്നതിന് ട്രോമോകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഒന്നരക്കോടി ചെലവിട്ടതായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. പ്രസ്തുത ആശുപത്രികളിൽ ട്രോമോകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 2013-14-ൽ രൂപം നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു. 108 ആമ്പുലൻസ് സൗകര്യം വയനാട്ടിലും പത്തനംതിട്ടയിലും ആരംഭിക്കുമെന്നും 50 ആമ്പുലൻസുകൾ വാങ്ങുന്നതിന് 10 കോടി വകയിരുത്തിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും അടിയന്തിര ചികിത്സക്കുള്ള പരിശീലനം നൽകും. അപകടത്തിൽ പരിക്കേറ്റ് താലൂക്ക് ജില്ലാ ആശുപത്രികളിലെത്തിക്കുന്നവർക്ക് പ്രാഥമിക ചികിത്സ നൽകി ജീവൻ രക്ഷിക്കുന്നതിന് വേണ്ടിയാണിത്. സർക്കാരിന്റെ കാരുണ്യ ബനവലന്റ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയതുപോലെ അടിയന്തിര ചികിത്സക്ക് ആധുനിക സംവിധാനങ്ങളുള്ള എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്നും സർക്കാർ അറിയിച്ചു.

ഉത്തരവ് ചീഫ്സെക്രട്ടറിക്കും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൈമാറി. പൊതു പ്രവർത്തകരായ ജിജി ലാനിതോട്ടവും രാജീവ് ജോർജ്ജും സമർപ്പിച്ച പരാതിയിലാണ് നടപടി.

# ഇടമലക്കുടി പഞ്ചായത്ത് ദേവികുളത്ത്; ഇടമലക്കുടിയിൽ റോഡും വൈദ്യുതിയും ലഭ്യമാക്കണം

ഇടുക്കി ഇടമലക്കുടിയിൽ ഗതാഗതസൗകര്യവും റോഡും വൈദ്യുതിയും ലഭ്യമാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

ഇടമലക്കുടി പഞ്ചായത്ത് ഓഫിസ് ഇടമലക്കുടിയിൽ തന്നെ പ്രവർത്തിക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കണമെന്നും ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും ഉത്തരവിൽ പറയുന്നു. ഇപ്പോൾ ഇടമലക്കുടിയിൽ നിന്നും ഏഴ് കിലോമീറ്റർ അകലെ ദേവികുളത്താണ് ഇടമലക്കുടി പഞ്ചായത്ത് പ്രവർത്തിക്കുന്നത്.

നാഷണൽ ട്രൈബസ് ഫ്രണ്ട് പ്രസിഡന്റ് സന്തോഷ് നിരപ്പേൽ സമർപ്പിച്ച പരാതിയിലാണ് നടപടി.

ഇടമലക്കുടിയിലെ സർക്കാർ ട്രൈബൽ സ്കൂൾ മിക്കവാറും ദിവസങ്ങളിൽ പ്രവർത്തിക്കാറില്ലെന്നും മൂന്ന് അദ്ധ്യാപകർ ഉള്ളതിൽ രണ്ട് പേർ പലപ്പോഴും ഹാജരാകാറില്ലെന്നും മൂന്നാർ ഡെപ്യൂട്ടി സൂപ്രണ്ട് കമ്മീഷന് സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. 2010-ൽ കേരളത്തിലെ ആദ്യ ട്രൈബൽ പഞ്ചായത്തായി ഇടമലക്കുടി പഞ്ചായത്ത് രൂപീകൃതമായെങ്കിലും ഓഫീസ് പ്രവർത്തിക്കുന്നത് ദേവികുളത്താണെന്നും വിശദീകരണത്തിൽ പറയുന്നു. ഇടമലക്കുടിയിൽ വൈദ്യുതിയില്ലാത്തതിനാലാണ് ദേവികുളത്ത് പഞ്ചായത്ത് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ കമ്മീഷനെ അറിയിച്ചു.

റോഡും വൈദ്യുതിയും ഫോണും വന്നാൽ മാത്രമേ ഇടമലക്കുടിയിലേക്ക് പഞ്ചായത്ത് ഓഫീസ് മാറ്റാൻ സാധിക്കുകയുള്ളൂവെന്നും വിശദീകരണത്തിൽ പറയുന്നു.

പഞ്ചായത്ത് ഓഫീസ് ഇല്ലാത്തതു കാരണം ആദിവാസികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ആദിവാസികളെ മുഖ്യധാരയിൽ കൊണ്ടുവരാൻ നടപടിയുണ്ടായെങ്കിലും അതിന്റെ ഫലം ലഭിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു.

രോഗികളെ തുണിയിൽ കെട്ടിത്തൂക്കി ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസ്ഥയാണെന്നും ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു.

പട്ടികവർഗ്ഗ സെക്രട്ടറി ഇതു സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു.

## കോഴഞ്ചേരി ടൗണിൽ മൂത്രപ്പുരകളും കക്കൂസുകളും ആവശ്യാനുസരണം നിർമ്മിക്കണം

പത്തനംതിട്ട കോഴഞ്ചേരി ടൗണിൽ കൂടുതൽ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി പഞ്ചായത്തിന് നിർദ്ദേശം നൽകി.

സ്വകാര്യ ബസ്സ്റ്റാന്റിലെ മൂത്രപ്പുരയുടെ അറ്റകുറ്റപണി 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാമെന്ന് കോഴഞ്ചേരി പഞ്ചായത്ത് മനുഷ്യാവകാശ കമ്മീഷന് ഉറപ്പുനൽകി.

എൻ.കെ. ബാലൻ സമർപ്പിച്ച പരാതിയിലാണ് നടപടി. കമ്മീഷൻ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും പഞ്ചായത്തിൽ നിന്നും വിശദീകരണം തേടിയിരുന്നു.

മരാമൺ, ചെറുകോൽ, ശബരിമല തുടങ്ങിയ പുണ്യസ്ഥലങ്ങളിലേക്ക് ധാരാളം സന്ദർശകരെത്തുന്നതിനാൽ കോഴഞ്ചേരി ടൗണിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ആവശ്യമാണെന്ന് ഡി.എം.ഒ. കമ്മീഷനെ അറിയിച്ചു.

കൂടുതൽ വെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ അനുമതിയോടെ പഞ്ചായത്ത് പുതിയ പൈപ്പ് സ്ഥാപിക്കണമെന്നും ഡി.എം.ഒ. അറിയിച്ചു.

നിരവധി അന്യസംസ്ഥാന തൊഴിലാളികളും ടൗണിൽ ദിനംപ്രതി എത്തുന്നുണ്ട്.

ഡി.എം.ഒയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ടൗണിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സ്വകാര്യ ബസ്സ്റ്റാന്റിലെ മൂത്രപ്പുരയുടെ അറ്റകുറ്റ പണി ജൂണിനുമുമ്പ് പൂർത്തിയാക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകി.

## ഐ.ഒ.സിയിലെ ഗ്യാസ് ചോർച്ച; അന്വേഷണം

കൊല്ലം കരുനാഗപ്പള്ളി നഗരസഭയുടെ പത്താം ഡിവിഷനിൽ താലൂക്ക് ആശുപത്രിക്ക് സമീപം ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഗ്യാസ് ഗോഡൗണിൽ ഉണ്ടായ വാതകചോർച്ചയെ കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. കൊല്ലം ജില്ലാകളക്ടറും ഐ.ഒ.സി. ജനറൽമാനേജരും കരുനാഗപ്പള്ളി നഗരസഭാസെക്രട്ടറിയും വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

മാർച്ച് 20-ന് അർദ്ധരാത്രിയാണ് സംഭവം. ഐ.ഒ.സിയുടെ ഗ്യാസ് സപ്ലൈ നടത്തുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായിട്ടും ഗ്യാസ് ഗോഡൗണിൽ യാതൊരു സുരക്ഷിതത്വവുമില്ലെന്ന് കരുനാഗപ്പള്ളി ഹോസ്പിററൽ നഗർ റസിഡൻസ് അസോസിയേഷൻ സെക്രട്ടറി പി.എൻ. മുത്തുകൃഷ്ണൻ സമർപ്പിച്ച പരാതിയിൽ പറയുന്നു. വാതക ചോർച്ചയുണ്ടായ സമയത്ത് രണ്ട് ലോഡ് സിലിണ്ടർ സ്റ്റോക്കുണ്ടായിരുന്നുവെന്നും പരാതിയിൽ പറയുന്നു.

## ചെരിപ്പ് കച്ചവടക്കാരനായ യുവാവിന് മർദ്ദനം; മൊഴിയിൽ കേസെടുക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണം

ഇടുക്കി ഉപ്പുതുറ പഞ്ചായത്ത് മാർക്കറ്റിനു സമീപം ചെരിപ്പു കച്ചവടം നടത്തിയ യുവാവിന് പോലീസ് മർദ്ദനമേറ്റ സംഭവത്തിൽ യുവാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുക്കാത്ത ഉദ്യോഗസ്ഥനെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഇടുക്കി ജില്ലാപോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

2013 ആഗസ്റ്റ് 25-നാണ് സംഭവം. ഉപ്പുതുറ മാർക്കറ്റിനു സമീപം ചെരിപ്പ് കച്ചവടം നടത്തുകയായിരുന്ന തന്നെ ഉപ്പുതുറ പോലീസ് പിടികൂടി ക്രൂരമായി മർദ്ദിച്ചെന്ന് ആരോപിച്ച് ഏലപ്പാറ സ്വദേശി നഹാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

തന്റെ കച്ചവടസാധനങ്ങൾ പോലീസ് എടുത്തു കൊണ്ടുപോയെന്ന് പരാതിയിൽ പറയുന്നു.

പീരുമേട് താലൂക്ക് ആശുപത്രിയിൽ താൻ പ്രവേശിപ്പിക്കപ്പെട്ടെന്നും അപ്പോൾ ഉപ്പുതുറ പോലീസിനു നൽകിയ മൊഴി രജിസ്റ്റർ ചെയ്തില്ലെന്നും പരാതിയിൽ പറയുന്നു. മൊഴിപകർപ്പും നഹാസ് കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

പരാതിക്കാരന്റെ മൊഴി രജിസ്റ്റർ ചെയ്യാത്തത് നിയമവിരുദ്ധമാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

നഹാസ് പീരുമേട് താലൂക്ക് ആശുപത്രിയിൽ എ.എസ്.ഐ. രാജുതോമസിന് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ ഉപ്പുതുറ എസ്.ഐ.ക്ക് കമ്മീഷൻ അംഗം ആർ. നടരാജൻ നിർദ്ദേശം നൽകി.

# ബീവറേജസ് കോർപ്പറേഷൻ സെക്യൂരിറ്റി ജീവനക്കാർക്ക് ശമ്പള കുടിശിക ലഭിച്ചു

**ബീ**വറേജസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ ജോലിചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് 2013 സെപ്റ്റംബർ മുതലുള്ള ശമ്പള കുടിശിക ലഭിച്ചു.

ബീവറേജസ് ഗോഡൗണുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുന്നത് സ്വകാര്യ കമ്പനിയായ ഫോഴ്സ് ഇന്ത്യാ മാനേജ്മെന്റ് സർവീസാണ്. ഇവരാണ് ശമ്പളം മുടക്കിയത്. രാധാകൃഷ്ണൻ, എം.ആർ. മോഹൻകുമാർ, എം. എൽ. വിശ്വനാഥൻ നായർ തുടങ്ങിയവർ സമർപ്പിച്ച പരാതിയിലാണ് നടപടി.

സെക്യൂരിറ്റി ഏജൻസിയും ബീവറേജസ് കോർപ്പറേഷനും തമ്മിൽ കേസ് നിലനിൽക്കുന്നതിനാൽ ശമ്പളം നൽകാനാവില്ലെന്നായിരുന്നു ഏജൻസിയുടെ നിലപാട്. കോർപ്പറേഷൻ കരാർ തുക നൽകിയില്ലെന്നായിരുന്നു ഏജൻസിയുടെ പരാതി.

ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം നൽകാതിരിക്കുന്നത് അപമാനമാണെന്ന് കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി നടപടിക്രമത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. കരാറുകാരൻ ജോലിക്കാർക്ക് ശമ്പളം നൽകുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് ബീവറേജസ് കോർപ്പറേഷന്റെ ചുമതലയാണെന്നും ഉത്തരവിൽ പറഞ്ഞു.

കോർപ്പറേഷനിൽ നിന്നും വൻതുക ഈടാക്കിയശേഷം സെക്യൂരിറ്റി ഏജൻസി തുച്ഛമായ തുകയാണ് ജീവനക്കാർക്ക് ശമ്പളമായി നൽകുന്നതെന്നും പരാതിയിലുണ്ട്. 2014 മാർച്ച് 15-നകം കരാറുകാരൻ ജീവനക്കാർക്ക് ശമ്പളം കൊടുത്തുവെന്ന് ബീവറേജസ് കോർപ്പറേഷൻ ഉറപ്പു വരുത്തണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ബീവറേജ് കോർപ്പറേഷൻ എം.ഡി ക്ക് നിർദ്ദേശം നൽകി. ഉത്തരവിനെ തുടർന്ന് കരാറുകാരൻ ശമ്പളം നൽകിയതായി കോർപ്പറേഷൻ ഉറപ്പുവരുത്തി.

# എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന് പുതിയ കെട്ടിടമായി

**സം**സ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് ഭവനനിർമ്മാണ ബോർഡ് കെട്ടിടത്തിലേക്ക് മാറ്റി. ഡി.പി.ഐക്ക് സമീപം പ്രവർത്തിച്ചിരുന്ന ഡയറക്ടറേറ്റ് കെട്ടിടം തകർന്നു വീഴാറായ അവസ്ഥയിലായിരുന്നു. ജീവനക്കാരുടെ സംഘടനാ ജനറൽ സെക്രട്ടറി അബുബേക്കർ നൽകിയ പരാതിയെ തുടർന്ന് കെട്ടിടം മാറ്റാൻ മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടത്തിലേക്ക് ഡയറക്ടറേറ്റ് മാറ്റാൻ സർക്കാർ തീരുമാനിച്ചു.

പുതിയ കെട്ടിടത്തിൽ കാബിനുകൾ സ്ഥാപിക്കുന്ന ജോലി നടന്നു വരികയാണെന്ന് തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. കാബിനുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

# ആശുപത്രി രേഖയിൽ പെൺകുട്ടി ആൺകുട്ടിയായി; അന്വേഷണം വേണം

**ജി**ല്ലാ ആശുപത്രിയിൽ ജനിച്ച പെൺകുട്ടിയെ ആശുപത്രി അധികൃതർ ആൺകുട്ടിയാണെന്ന് നഗരസഭയെ അറിയിച്ച സംഭവത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.


2005 സെപ്റ്റംബർ 7-നായിരുന്നു സംഭവം. പാലക്കാട് ചിറ്റിലഞ്ചേരി കടമ്പിടി ഹൗസിൽ സി. ശ്രീധരന്റെ ഭാര്യ വിജയലക്ഷ്മിയാണ് ജില്ലാ ആശുപത്രിയിൽ പെൺകുഞ്ഞിന് ജന്മം നൽകിയത്. എന്നാൽ വിജയലക്ഷ്മി പ്രസവിച്ചത് ആൺകുട്ടിയാണെന്ന് ആശുപത്രി അധികൃതർ നഗരസഭയെ അറിയിച്ചു. ഇക്കാരണത്താൽ തന്റെ കുഞ്ഞിന് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന് ശ്രീധരൻ മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു.

കമ്മീഷൻ ജില്ലാ ആശുപത്രി സൂപ്രണ്ടിനോട് വിശദീകരണം ആവശ്യപ്പെട്ടു. വിജയലക്ഷ്മി ആൺകുട്ടിക്കാണ് ജന്മം നൽകിയതെന്ന് സൂപ്രണ്ട് കമ്മീഷനെ അറിയിച്ചു. ആൺകുട്ടിയെ കിട്ടിയതായി വിജയലക്ഷ്മിയുടെ അമ്മ സാക്ഷ്യപ്പെടുത്തിയതായും സൂപ്രണ്ട് അറിയിച്ചു. ഇക്കാര്യം തന്നെ നഗരസഭയും കമ്മീഷനെ അറിയിച്ചു. എന്നാൽ മേലാർക്കോട് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ വിജയലക്ഷ്മി പ്രസവിച്ചത് പെൺകുട്ടിയാണെന്നും ആശ്രയ എന്നാണ് പേരെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആതിര, ആശ്രയ എന്നീ പെൺകുട്ടികൾ ശ്രീധരൻ വിജയലക്ഷ്മി ദമ്പതികൾക്കുണ്ടെന്നും സർട്ടിഫിക്കേറ്റിൽ പറയുന്നു. ആശുപത്രി രേഖയിൽ ആവശ്യമായ തിരുത്തൽ വരുത്തിയാൽ മാത്രമേ ആശ്രയക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ നടത്തുന്ന അന്വേഷണത്തിൽ കൗൺസിലർമാരുടെ മൊഴിയെടുക്കണമെന്നും ഉത്തരവിൽ പറയുന്നു.

# നിരപരാധിക്ക് പോലീസ് പീഡനം, 10,000 രൂപ നഷ്ടപരിഹാരം അനുവദിച്ചു

**നി**രപരാധിയായ യുവതിയെ സ്വകാര്യ കാറിലെത്തിയ പോലീസ് സംഘം കസ്റ്റഡിയിലെടുത്ത് ലോക്കപ്പിലടച്ച സംഭവത്തിൽ സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യുവതിക്ക് 10,000 രൂപ നഷ്ടപരിഹാരം അനുവദിച്ചു.



ആർ. നടരാജൻ

പൂങ്കുന്നം സ്വദേശി ബിന്ദുദേവരാജനാണ് ആഭ്യന്തരവകുപ്പ് നഷ്ടപരിഹാരം അനുവദിച്ചത്. മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി.

പാലക്കാട് ടൗൺ റയിൽവേ സ്റ്റേഷന് സമീപം എസ്.ബി. ഇൻഫോടെക് എന്ന പേരിൽ ഒരു കമ്പ്യൂട്ടർ പരിശീലനകേന്ദ്രം നടത്തുകയായിരുന്നു യുവതി.

പാർട്ണർമാരിൽ ചിലർ യുവതിക്കെതിരെ പോലീസ് കേസ് ഫയൽ ചെയ്തു. 2008 നവംബർ 5-ന് പാലക്കാട് നോർത്ത് പോലീസ് സ്റ്റേഷനിലെ എ.എസ്.ഐയുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ സ്വകാര്യകാറിൽ ബിന്ദുവിന്റെ വീട്ടിലെത്തി അവരെ പാലക്കാട്ടേക്ക് കൊണ്ടുപോവുകയായിരുന്നു. ഇതിനിടയിൽ ചാവക്കാട് സ്റ്റേഷനിലും ജയിലിലും കൊണ്ടുപോയി. തനിക്കെതിരെയുള്ള കേസിനെ കുറിച്ചന്വേഷിച്ചെങ്കിലും പോലീസുകാർ മിണ്ടിയില്ലെന്ന് ബിന്ദു കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. നിരപരാധിയായ തന്നോട് കുറ്റവാളിയാണെന്ന മട്ടിൽ സംസാരിക്കുകയും ഭക്ഷണം തരാതെ പീഡിപ്പിക്കുകയും ലോക്കപ്പിലിടുകയും ചെയ്തതായി പരാതിയിൽ പറയുന്നു.

കമ്മീഷൻ നടത്തിയ അന്വേഷണത്തിലും പോലീസുകാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിരുന്നു. സംഭവത്തിൽ പാലക്കാട് നോർത്ത് സ്റ്റേഷനിലെ എസ്.ഐമാരായ ബേബി, സോമൻ, സിവിൽ പോലീസ് ഓഫീസർ പ്രജിത എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതായി പാലക്കാട് എസ്.പി. കമ്മീഷനെ അറിയിച്ചു. നഷ്ടപരിഹാരം കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടിരുന്നു. പോലീസ് പീഡനത്തിന്റെ ഒന്നാന്തരം ഉദാഹരണമാണ് സംഭവമെന്നും കമ്മീഷൻ നിരീക്ഷിച്ചിരുന്നു.

# കാലിത്തൊഴുത്തിനേക്കാൾ മോശം നേഴ്സിംഗ് സ്കൂൾ ഹോസ്റ്റൽ; കമ്മീഷൻ നടപടിക്ക്

**കാ**ലിത്തൊഴുത്തിനേക്കാൾ മോശപ്പെട്ട പെൺകുട്ടികളുടെ ഹോസ്റ്റൽ കണ്ട് മനുഷ്യാവകാശ കമ്മീഷൻ ഞെട്ടി. ഇത്തരമൊരു ഹോസ്റ്റലിൽ എങ്ങനെയാണ് പെൺകുട്ടികളെ താമസിപ്പിക്കുന്നതെന്ന് .കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി അത്ഭുതപ്പെട്ടു. തന്റെ മകൾ ഹോസ്റ്റലിൽ അനുഭവിക്കുന്ന പീഡനങ്ങളെ കുറിച്ച് ഒരു രക്ഷകർത്താവ് നൽകിയ പരാതിയെ തുടർന്നാണ് കമ്മീഷൻ അന്വേഷണം നടത്തിയത്.

തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന സർക്കാർ നഴ്സിംഗ് സ്കൂളിലെ പെൺകുട്ടികളുടെ ഹോസ്റ്റലിലെ അവസ്ഥയാണ് ഇത്. വാർഡൻ പോലുമില്ലാത്ത പരിതാപകരമായ അവസ്ഥയാണ് ഇവിടെയുള്ളതെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു. 35 പെൺകുട്ടികളാണ് ഇവിടെ താമസിച്ച് പഠിക്കുന്നത്.

ഗവ. നേഴ്സിംഗ് സ്കൂളിൽ അടിയന്തിരമായി നൈറ്റ് വാച്ചറുടെയോ സെക്യൂരിറ്റിയുടേയൊ സേവനം ഉറപ്പാക്കണമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഒരു വനിതാ വാർഡനെ അടിയന്തിരമായി നിയമിക്കണം. അവസാന വർഷ വിദ്യാർത്ഥികൾക്ക് നൈററ് ഡ്യൂട്ടി ഉള്ളതിനാൽ വാർഡൻ ഇല്ലാത്ത ഹോസ്റ്റൽ സുരക്ഷിതമാണെന്ന് കമ്മീഷൻ കരുതുന്നില്ല. പ്രിൻസിപ്പൽ പോയി കഴിയുമ്പോൾ വാർഡൻ ചുമതലയേൽക്കണം.

2013 ജനുവരിയിൽ ഹോസ്റ്റലിന് തീ പിടിച്ചിരുന്നു. തുടർന്ന് ഹോസ്റ്റൽ അടച്ചു. ചില ക്ലാസ് മുറികൾ കൂട്ടിചേർത്ത് ഹോസ്റ്റലാക്കി. സ്കൂൾ ഓഡിറ്റോറിയം ക്ലാസ് മുറിയുമാക്കി. പുതിയ ഹോസ്റ്റൽ നിർമ്മിക്കാൻ സർക്കാർ അനുമതി കിട്ടി.

3 കോടിയും അനുവദിച്ചു. പക്ഷേ പണി തുടങ്ങിയില്ല. അതുവരെ ഹോസ്റ്റൽ വാടക കെട്ടിടത്തിൽ മാറ്റണമെന്ന ആവശ്യം സർക്കാർ ചെവിക്കൊണ്ടുമില്ല.

ഹോസ്ററൽ ജനറൽ ആശുപത്രി വളപ്പിലാണെങ്കിലും വിദ്യാർത്ഥികൾക്ക് അത്താഴം കഴിക്കാൻ ജനറൽ ആശുപത്രിയിൽ ചെല്ലണം.

ഇവർക്ക് അകമ്പടി പോകാൻ പേരിനൊരു ആൺതരി പോലുമില്ല. സ്കൂൾ വളപ്പിലുള്ള പുളിമരം ഏതുനേരവും മറിഞ്ഞുവീഴാം.

# വിലക്കുവാങ്ങിയ ഭൂമി പതിച്ചു നൽകിയില്ല; കമ്മീഷൻ ഇടപെട്ടപ്പോൾ തിരുത്തി

വിലക്കുവാങ്ങി അനുഭവിച്ചുവരുന്ന കൈവശാവകാശഭൂമി പതിച്ചു നൽകാനാവില്ലെന്ന സർക്കാർ നിലപാട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് സർക്കാർ തിരുത്തി.

ശാസ്തവട്ടം ജ്യോതി നിവാസിൽ ലീലകുമാരിയും മധുസൂദനൻനായരും സമർപ്പിച്ച ഹർജിയിലാണ് നടപടി. 2006-ൽ ഇവർ രണ്ട് സെന്റ് പതിവ് വസ്തുവും അതിനോടൊപ്പമുള്ള 10 സെന്റ് പുതുവൽ വസ്തുവും വിലയ്ക്ക് വാങ്ങി കെട്ടിടം നിർമ്മിച്ചു. 10 സെന്റ് വസ്തുവിന് പട്ടയം ലഭിക്കുന്നതിന് സർക്കാരിന് അപേക്ഷ നൽകിയെങ്കിലും നിരസിക്കപ്പെട്ടു. മുഖ്യമന്ത്രിക്കും പരാതി നൽകി.

മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം അന്വേഷണം നടക്കുന്നതിനിടയിൽ 10 സെന്റ് പുരയിടം മകൾക്ക് സ്ത്രീധനം നൽകാമെന്ന് വാഗ്ദാനം ചെയ്തു. പക്ഷേ മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയും നിരസിക്കപ്പെട്ടു. തുടർന്ന് ഇവർ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചു.

കമ്മീഷൻ ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം തേടിയപ്പോൾ ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ കിട്ടിയില്ലെന്നായിരുന്നു മറുപടി.

അറിവ് കുറഞ്ഞ സാധാരണക്കാരുടെ അപേക്ഷകൾ പരിഗണിക്കുമ്പോൾ മനുഷ്യത്വം കാണിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടിരുന്നു.

കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10 സെന്റ് വസ്തു ഗുണകരമായ അനുഭവം എന്ന നിലയിൽ പതിച്ച് നൽകാൻ ജില്ലാകളക്ടർ ആർ.ഡി.ഒക്ക് നിർദ്ദേശം നൽകി.

# ജീവൻരക്ഷാ മരുന്നില്ല; ചീഫ് സെക്രട്ടറി വിശദീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജീവൻരക്ഷാ മരുന്നുകൾ ആവശ്യാനുസരണം കിട്ടാത്തതിനെക്കുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സർക്കാർ ആശുപത്രികളിൽ പഞ്ഞി പോലും ലഭ്യമല്ലെന്ന് ചൂണ്ടിക്കാട്ടി പൊതുപ്രവർത്തകനായ പി.കെ. രാജു സമർപ്പിച്ച പരാതിയിലാണ് നടപടി.

ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയണമെന്നും ഉത്തരവിൽ പറയുന്നു.

# തിരുവല്ല റവന്യൂടവർ: ലിഫ്റ്റിൽ കയറാൻ ഓപ്പറേറ്റർമാർക്കുംപേടി; കളക്ടർ നേരിട്ട് അന്വേഷിക്കണം

തിരുവല്ല റവന്യൂടവറിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാകളക്ടർ സമർപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. കളക്ടർ നേരിട്ട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണം.

പ്രശ്നം പരിഹരിക്കാൻ സർക്കാരിന് ബാധ്യതയുള്ളതിനാൽ ചീഫ് സെക്രട്ടറിയും വിശദീകരണം ഫയൽ ചെയ്യണം.

റവന്യൂടവർ അസോസിയേഷനു വേണ്ടി അഡ്വ. പ്രദീപ് മനയ്ക്കലും വി. ഉണ്ണികൃഷ്ണനും സമർപ്പിച്ച പരാതിയിലാണ് നടപടി.

റവന്യൂ ടവറിന്റെ പ്രവർത്തനങ്ങളെ ജസ്റ്റിസ് ജെ.ബി.കോശി രൂക്ഷമായി വിമർശിച്ചു.

കമ്മീഷന്റെ നേരിട്ടുള്ള അന്വേഷണത്തിൽ ലിഫ്റ്റുകൾ ശരിയായി പ്രവർത്തിക്കുന്നില്ലെന്ന് ഉത്തരവിൽ പറയുന്നു.

നാലു ലിഫ്റ്റ് സ്ഥാപിക്കാൻ സൗകര്യമുണ്ടെങ്കിലും മൂന്നെണ്ണമാണ് ഉള്ളത്. ഇതിൽ രണ്ടു ലിഫ്റ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രവർത്തിക്കുന്ന ലിഫ്റ്റുകളിൽ കയറാൻ ഓപ്പറേറ്റർമാർക്കുപോലും ഭയമാണ്. അംഗപരിമിതർക്ക് റാമ്പ് സ്ഥാപിച്ചിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനുപോലും പടികൾ ചവിട്ടി കയറണം. അസൗകര്യങ്ങൾ കാരണം മുതിർന്ന പൗരന്മാർക്ക് ഓഫീസുകൾ സന്ദർശിക്കാനാവുന്നില്ല.

ടോയ്‌ലറ്റിന്റെ അവസ്ഥ ദയനീയമാണ്. കരാറുകാർ ദിവസവേതനക്കാരെ പോലെ പണിയെടുക്കുന്നു. ആഴ്ചകളോളം ടോയ്‌ലറ്റ് വൃത്തിയാക്കുന്നില്ല. ഇത്രയധികം പണംമുടക്കി സ്ഥാപിച്ച ഒരു കെട്ടിടം നന്നായി പ്രവർത്തിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

# മായിത്തറ ചിൽഡ്രൻസ് ഹോമിൽ കെയർടേക്കറെ നിയമിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**ആ**ലപ്പുഴ മായിത്തറ ചിൽഡ്രൻസ് ഹോമിൽ കെയർടേക്കറെയും സ്വീപ്പറേയും നിയമിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ സാമൂഹ്യനീതിവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

മായിത്തറ ചിൽഡ്രൻസ് ഹോമിൽ സന്ദർശനം നടത്തിയ ശേഷമാണ് കമ്മീഷൻ സർക്കാരിന് ഉത്തരവ് കൈമാറിയത്. കമ്മീഷൻ സന്ദർശനം നടത്തിയ ദിവസം ചിൽഡ്രൻസ് ഹോമിൽ 6 കുട്ടികളും ഒബ്സർവേഷൻ ഹോമിൽ രണ്ടുകുട്ടികളുമുണ്ടായിരുന്നു. മെനു അനുസരിച്ച് ആഹാരം ലഭിക്കുന്നില്ലെന്നും ഭക്ഷണം തങ്ങൾക്ക് മതിയാകാറില്ലെന്നും കുട്ടികൾ പറഞ്ഞു. കുട്ടികൾക്ക് കുടിക്കാൻ ലഭിക്കുന്നത് കുഴൽ കിണറിൽ നിന്നും നേരിട്ടെടുക്കുന്ന വെള്ളമാണ്. ഇത് പക്ഷേ മലിനമാണ്. മലിനജലം രോഗകാരണമാകുമെന്നും കമ്മീഷൻ ഉത്തരവിൽ പറയുന്നു. ടോയ്‌ലറ്റ് വൃത്തിഹീനമാണ്. പലതിനും വാതിലുകളില്ല. കുട്ടികൾ തന്നെയാണ് പച്ചക്കറി അരിയുന്നതും പാത്രം കഴുകുന്നതും. കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലമില്ല.

കുട്ടികൾക്ക് മെനു അനുസരിച്ച് നല്ല ഭക്ഷണം നൽകണമെന്ന് കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു. ഇത് ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിശോധിച്ച് ബോധ്യപ്പെടണം. കുട്ടികളെ വിനോദസഞ്ചാരത്തിന് കൊണ്ടുപോകാൻ ഫണ്ട് അനുവദിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകി.

# സിറ്റിങ്ങിൽ ഹാജരാകാതിരുന്ന എസ്.ഐക്ക് 500 രൂപ പിഴ

**നി**രവധി നോട്ടീസുകൾ അയച്ചിട്ടും സംസ്ഥാന മനുഷ്യാ വകാശ കമ്മീഷന്റെ സിറ്റിങ്ങിൽ ഹാജരാകാതിരുന്ന സബ് ഇൻസ്പെക്ടർക്ക് കമ്മീഷൻ 500 രൂപ പിഴയടിച്ചു. എസ്.ഐയുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ പിഴ ജില്ലാപോലീസ് മേധാവി മനുഷ്യാവകാശ കമ്മീഷനിൽ അടച്ചു.

പട്ടികവർഗ്ഗക്കാരനായ തന്റെ വീട്ടിൽ അയൽവാസിയായ ഷാജിജോസഫ് അതിക്രമിച്ച് കയറി മകനെയും ഭാര്യയെയും മർദ്ദിച്ച സംഭവത്തിൽ അയൽവാസിക്ക് അനുകൂലമായി നിലപാടെടുത്ത എറണാകുളം പനങ്ങാട് എസ്.ഐ വിപിനെതിരെ മരട് നീട്ടൂർ സ്വദേശി വി.കെ. സോമൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

അയൽവാസിയുടെ മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിഞ്ഞിരുന്ന തന്റെ മകനെ അറസ്റ്റ് ചെയ്ത് എസ്.ഐ വിപിനും പോലീസുകാരും മൂന്നാംമുറ പ്രയോഗിച്ചതായും വി.കെ. സോമന്റെ പരാതിയിലുണ്ട്. തുടർന്ന് കോടതി ഇടപെട്ടാണ് മകന് ചികിത്സ ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് കമ്മീഷന്റെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ അന്വേഷണം നടത്തിയിരുന്നു. കമ്മീഷൻ നിരവധി നോട്ടീസുകൾ അയച്ചിട്ടും എസ്.ഐ. വിപിൻ കമ്മീഷൻ മുമ്പാകെ ഹാജരായില്ല. സത്യവാങ്മൂലം ഫയൽ ചെയ്തുമില്ല.

തുടർന്ന് വിപിനെതിരെ കേസെടുത്ത് അന്വേഷണം നടത്താനും പരാതിക്കാരന് 25,000 രൂപ നഷ്ടപരിഹാരം നൽകാനും കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടിരുന്നു. വിപിന്റെ ശമ്പളത്തിൽ നിന്നും 25,000 രൂപ പത്ത് തവണകളായി ഈടാക്കണമെന്നും ഉത്തരവിൽ പറയുന്നു.

ഇതിനുപുറമേ സിറ്റിംഗിൽ ഹാജരാകാതിരുന്ന എസ്.ഐ വിപിന് 500 രൂപ പിഴയടിക്കാനും അത് എസ്.ഐയുടെ ശമ്പളത്തിൽ നിന്നും ഈടാക്കാനും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി.

## കമ്മീഷൻ ഇടപെടൽ : റിസോർട്ട് വാച്ചറുടെ മുങ്ങിമരണം; അന്വേഷണം ക്രൈംബ്രാഞ്ചിന്

**തി**രുവനന്തപുരം പാപ്പനംകോട് മലമേൽക്കുന്ന് കല്പതാരു റിസോർട്ടിലെ വാച്ചറായിരുന്ന പേട്ട മൂന്നാം മനയ്ക്കൽ കൊച്ചുകാട്ടിൽ വീട്ടിൽ അജി കരമനയാറ്റിൽ മുങ്ങിമരിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി.

സംഭവത്തെ കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു.

2012 സെപ്റ്റംബർ 29-നായിരുന്നു സംഭവം. അജിയുടെ മരണം ആത്മഹത്യയാണെന്നായിരുന്നു നേമം പോലീസിന്റെ നിഗമനം. എന്നാൽ അനാശാസ്യം ആരോപിച്ച് അജിയെ നേമം പോലീസ് പിടികൂടിയതിനുശേഷമാണ് അജിയുടെ മൃതദേഹം കരമനയിൽ കണ്ടതെന്ന് റിസോർട്ടിലെ ക്ലീനറായ യുവതി അജിയുടെ ഭാര്യയെ അറിയിച്ചിരുന്നു.

അതേസമയം റിസോർട്ടിൽ അനാശാസ്യം നടക്കുന്നതായി അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസിനെ കണ്ട് അജി കരമനയാറിൽ ചാടുകയായിരുന്നുവെന്ന് ആഭ്യന്തര വകുപ്പ് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.

അജിയെ രക്ഷിക്കാൻ ശ്രമിക്കാത്ത നേമം എസ്.ഐ അജിത്കുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചതായും സർക്കാർ കമ്മീഷനെ അറിയിച്ചു. എന്നാൽ ലോക്കൽ പോലീസിനെതിരെ ഗുരുതരമായ ആരോപണങ്ങൾ മരിച്ചയാളുടെ ഭാര്യ ഉന്നയിച്ചിരിക്കുന്നതിനാൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി സംസ്ഥാന മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു

# പൊളിച്ച മതിൽ സർക്കാർ പുനർനിർമ്മിക്കണം

പത്തനംതിട്ട : കോഴഞ്ചേരി-തൂമ്പമൺ റോഡിൽ ജില്ലാകളക്ടറുടെ തീരുമാനം ലംഘിച്ച് പൊളിച്ചുകളഞ്ഞ പതിനൊന്ന് വീട്ടുകാരുടെ മതിലും ഗേറ്റും സർക്കാർ ചിലവിൽ പുനർനിർമ്മിച്ച് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു. മതിൽ പൊളിച്ച സംഭവം ഭരണകൂടത്തിന്റെയും പോലീസിന്റെയും കഴിവില്ലായ്മ തെളിയിക്കുന്നതായി ഉത്തരവിൽ പറയുന്നു.

കോഴഞ്ചേരി തെക്കേമല സ്വദേശികളായ കെ.സി. എബ്രഹാമും ബേബിക്കുട്ടിവർഗീസും സമർപ്പിച്ച പരാതിയിലാണ് നടപടി.

സ്വമേധയാ സ്ഥലം വിട്ടുതരുന്നവരുടെ ഭൂമിമാത്രം സ്വീകരിച്ചാൽ മതിയെന്ന ജില്ലാ കളക്ടറുടെ തീരുമാനം ലംഘിച്ചാണ് മുതിർന്ന പൗരന്മാർ താമസിക്കുന്ന വീടുകളുടെ മതിൽ തകർത്തത്. ജെ.സി.ബി. ഉപയോഗിച്ചാണ് മതിൽ പൊളിച്ചതെന്ന് പരാതിയിൽ പറയുന്നു. 4 ജെ.സി.ബികൾ ഉപയോഗിച്ചെങ്കിലും ഒന്നാണ് പിടികൂടിയത്. ജെ.സി.ബികൾ കോടതിയിൽ ഹാജരാക്കിയില്ല.

ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലം പൊതു ആവശ്യത്തിന് എടുക്കുമ്പോൾ പോലും അവർ സ്വമേധയാ വിട്ടുതന്നില്ലെങ്കിൽ ലാന്റ് അക്വിസിഷൻ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കാൻ പാടുള്ളൂവെന്ന് സുപ്രീംകോടതിയും ഹൈക്കോടതിയും ഉത്തരവിട്ടിട്ടുണ്ടെന്നും ഉത്തരവിൽ പറയുന്നു.

ആറന്മുള കേസിൽ ഹൈക്കോടതിയുടെയും മനുഷ്യാവകാശ കമ്മീഷന്റെയും ഉത്തരവുകൾ ഉണ്ടായിട്ടും പരാതിക്കാർക്ക് മതിയായ സംരക്ഷണം നൽകാത്തത് ജില്ലാഭരണകൂടത്തിനും പോലീസിനും സംഭവിച്ച വീഴ്ചയാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

11 പേരുടെ മതിൽ പൊളിച്ചിട്ടും ഒരാളുടെ മാത്രം മൊഴിയാണ് എടുത്തത്. ബാക്കിയുള്ളവരുടെ മൊഴി എടുക്കണം.

രാഷ്ട്രീയ സ്വാധീനം കൊണ്ട് കേസ് ലഘൂകരിക്കരുത്. റോഡിനുവേണ്ടി ലഭ്യമായി കഴിഞ്ഞ സ്ഥലത്ത് രണ്ടാഴ്ചകൊണ്ട് ടാറിംഗ് പൂർത്തിയാക്കാമെന്ന് പൊതുമരാമത്തുവകുപ്പ് എഞ്ചിനീയർ ബാബുരാജ് കമ്മീഷനെ അറിയിച്ചു. ടാറിംഗിന് പോലീസ് സംരക്ഷണം നൽകണമെന്നും ഉത്തരവിൽ പറയുന്നു.

## കമ്മീഷൻ ഇടപെടൽ: ബധിരയായ യുവതിയുടെ കുടിവെള്ളം മുട്ടിച്ച നടപടി ജല അതോറിറ്റി തിരുത്തി

**ഭ**ർത്താവ് മരിച്ച ബധിരയായ യുവതിയുടെ കുടിവെള്ളം മുട്ടിച്ച് വാട്ടർ അതോറിറ്റി വിച്ഛേദിച്ച പൊതു ടാപ്പിന്റെ കണക്ഷൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി കേരള വാട്ടർ അതോറിറ്റി പുനസ്ഥാപിച്ചു.

നായരമ്പലം സ്വദേശി എം.കെ. മായക്കും കുടുംബത്തിനും പഞ്ചായത്ത് അനുവദിച്ച പൊതുടാപ്പിന്റെ കണക്ഷനാണ് വിച്ഛേദിച്ചത്. കുടികിടപ്പുകിട്ടിയ നാലു സെന്റ് സ്ഥലത്താണ് മായയും രണ്ട് കുട്ടികളും താമസിക്കുന്നത്.

അയൽവാസി തന്റെ വസ്തു വിറ്റതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കം. മായക്കും മറ്റുള്ളവർക്കും വഴിനടക്കാനായി ഒരു മീറ്റർ സ്ഥലം അനുവദിച്ചിരുന്നു. ഇവിടെയാണ് പൊതു ടാപ്പ് സ്ഥാപിച്ചിരുന്നത്.

എന്നാൽ അയൽവാസിയുടെ പരാതിയെ തുടർന്ന് ജലഅതോറിറ്റി കണക്ഷൻ വിച്ഛേദിച്ചു. പൊതുവഴിയിലല്ല കണക്ഷൻ സ്ഥാപിച്ചതെന്നായിരുന്നു കണ്ടെത്തൽ. വീടിന് 300 മീറ്റർ ദൂരെ നായരമ്പലം സർവ്വീസ് സഹകരണ ബാങ്കിന് സമീപമുള്ള ടാപ്പിൽ നിന്നാണ് മായ പിന്നീട് വെള്ളമെടുത്തുകൊണ്ടിരുന്നത്.

വൈപ്പിൻ - മുനമ്പം ദേശീയപാത മുറിച്ച് കടന്ന് വെള്ളം എടുക്കുന്നതിന്റെ പ്രയാസം കാരണം മായ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുകയായിരുന്നു. കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ജല അതോറിറ്റിക്ക് നോട്ടീസ യച്ചതിനെ തുടർന്ന് കണക്ഷൻ പുനസ്ഥാപിക്കാൻ അതോറിറ്റി തീരുമാനിക്കുകയായിരുന്നു.

## ടൈറ്റാനിയം ചീഫ് മാനേജർക്ക് ആനുകൂല്യങ്ങൾ ലഭിച്ചില്ല, എം.ഡിക്ക് നോട്ടീസ്

**തി**രുവനന്തപുരം : ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിന്നും ചീഫ് മാനേജരായി വിരമിച്ച ഉദ്യോഗസ്ഥന് അവധിശമ്പളവും പേ റിവിഷനും നൽകാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ടൈറ്റാനിയം മാനേജിംഗ് ഡയറക്ടർക്ക് നോട്ടീസയച്ചു.

റ്റി. ജയകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

സർവീസിൽ നിന്ന് വിരമിച്ച് ഒരു വർഷം കഴിഞ്ഞിട്ടും 300 ദിവസത്തെ അവധി ശമ്പളവും പേ റിവിഷനും നൽകിയില്ലെന്നാണ് പരാതി.

അതേ സമയം 2013 മാർച്ചിൽ വിരമിച്ച മറ്റ് ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകിയതായും പരാതിയിൽ പറയുന്നു.

# കമ്മീഷൻ ഇടപെട്ടു; ഡപ്യൂട്ടി സെക്രട്ടറിക്ക് ശമ്പളം കിട്ടി

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായിരുന്ന നിയമവകുപ്പ് ഡപ്യൂട്ടി സെക്രട്ടറി പി.എസ്. രാധാകൃഷ്ണന് ബോർഡ് നൽകാനുണ്ടായിരുന്ന ശമ്പള കുടിശ്ശികയായ 7,59,886 രൂപ നൽകി.

രാധാകൃഷ്ണൻ ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന കാലയളവിലുള്ള ശമ്പളകുടിശികയാണ് കിട്ടാനുണ്ടായിരുന്നത്.

2012 ഡിസംബർ മുതൽ മെയ്വരെ കുടിശികയുണ്ടായിരുന്നു. ബോർഡിന്റെ സാമ്പത്തികസ്ഥിതി മോശമാണെന്നും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നില്ലന്നും ഇതു കാരണമാണ് ശമ്പളകുടിശ്ശിക നൽകാതിരുന്നതെന്നും ബോർഡ് വിശദീകരിച്ചു.

സാമ്പത്തിക സ്ഥിതിയില്ലാത്ത ബോർഡുകൾ എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവെന്ന് ജസ്റ്റിസ് ജെ.ബി.കോശി നേരത്തെ പാസാക്കിയ ഉത്തരവിൽ ചോദിച്ചിരുന്നു. ഗുണഭോക്താക്കൾക്കും ഉദ്യോഗസ്ഥർക്കും ഉപകാരമില്ലാത്ത ബോർഡുകൾ നിലനിർത്തണമോ എന്ന് സർക്കാർ ചിന്തിക്കണമെന്നും ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു.

2014 ഏപ്രിൽ 30-നകം കുടിശ്ശിക നൽകിയിരിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാൻ സർക്കാർ 18,75,000 രൂപ അനുവദിച്ചു. ഇതിൽ നിന്നും 7,59,886 രൂപ രാധാകൃഷ്ണന് നൽകുകയായിരുന്നു.

# സ്വകാര്യ ബസുകളിലെ ക്ലീനർപടി നീക്കണം



സ്വകാര്യ ബസുകളിൽ ക്ലീനർമാർക്ക് നിൽക്കാൻ അനധികൃതമായി നിർമ്മിച്ച പടി അടിയന്തിരമായി നീക്കം ചെയ്യണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ ഗംഗാധരൻ ഉത്തരവിട്ടു.

അനധികൃതമായി പടി നിർമ്മിച്ചതു കാരണം വികലാംഗർക്ക് ബസുകളിൽ കയറാൻ സാധിക്കുന്നില്ലെന്ന കണ്ണൂർ തിമിരി സ്വദേശി കാനം കുഞ്ഞിരാമന്റെ പരാതിയിലാണ് നടപടി. ഇക്കാരണത്താൽ ശാരീരിക വൈകല്യമുള്ളവർക്ക് സ്വകാര്യബസുകളിൽ കയറി ഭാഗ്യക്കുറി വിൽക്കാൻ സാധിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു. കമ്മീഷൻ കണ്ണൂർ ആർ.ടി.ഒയോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ക്ലീനർമാർക്ക് നിൽക്കാൻ പടി നിർമ്മിക്കുന്നത് അനധികൃതമാണെന്നും ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആർ.ടി.ഒ. അറിയിച്ചു.

ശാരീരികവൈകല്യമുള്ളവർക്ക് ബസിനുള്ളിൽ കയറാൻ തടസമുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും കെ. ഇ. ഗംഗാധരൻ ഉത്തരവിൽ പറഞ്ഞു.

# കാർഡ് ബി.പി.എൽ ആക്കാൻ വിസമ്മതിച്ചു; ഒടുവിൽ കമ്മീഷന്റെ കർശന നിർദ്ദേശത്തിന് വഴങ്ങി

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി കുമ്പളാംപൊയ്ക കാഞ്ഞിരവേലിൽ വീട്ടിൽ കെ.പി. രാമകൃഷ്ണന്റെ റേഷൻകാർഡ് ബി.പി.എല്ലാക്കാൻ അധികൃതർ സമ്മതിച്ചു. രാമകൃഷ്ണന്റെ കാർഡ് ബി.പി.എല്ലാക്കാൻ നിർവ്വാഹമില്ലെന്ന് സർക്കാർ നേരത്തെ നിലപാടെടുത്തിരുന്നു.

എന്നാൽ എഴുപതു വയസ്സുകഴിഞ്ഞ തന്റെ ഭാര്യ കാൻസർ ബാധിതയാണെന്നും തനിക്കും കുടുംബത്തിനും മരുന്നിനോ ഭക്ഷണത്തിനോ മാർഗ്ഗമില്ലെന്നും രാമകൃഷ്ണൻ കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു.

ഭാര്യ ഒരു വശം തളർന്ന് കിടപ്പിലാണ്. സ്വന്തമായി കിടപ്പാടമില്ലാത്ത തങ്ങൾ വാടകവീട്ടിൽ താമസിക്കുന്നു. എ.പി.എൽ കാർഡായതിനാൽ ചികിത്സാ സൗജന്യം നിഷേധിക്കുന്നതായും പരാതിയിൽ പറയുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പരാതി നൽകിയെങ്കിലും പരാതി സർക്കാർ നിരസിച്ചതായും രാമകൃഷ്ണൻ കമ്മീഷനെ അറിയിച്ചു.

എന്നാൽ വില്ലേജാഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രാമകൃഷ്ണന്റെ കാർഡ് ബി.പി.എല്ലാക്കണമെന്ന് ജസ്റ്റിസ് ജെ.ബി.കോശി അധികൃതർക്ക് നിർദ്ദേശം നൽകി. തുടർന്ന് റാന്നി താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷണം നടത്തുകയും കാർഡ് ബി.പി.എല്ലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## സിറ്റി റേഷനിംഗ് ഓഫീസ് മാറ്റണം

**തി**രുവനന്തപുരം : സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

സിറ്റി റേഷനിംഗ് ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം അസൗകര്യങ്ങൾ നിറഞ്ഞതാണെന്ന് ആരോപിച്ച് റേഷൻവിതരണക്കാരും പൊതുജനങ്ങളും സമർപ്പിച്ച പരാതിയിലാണ് നടപടി.

ഓഫീസിന് സമീപം ഇരു ചക്രവാഹനങ്ങൾ പാർക്ക് ചെയ്യാൻ പോലും സൗകര്യമില്ല. പൊതുജനങ്ങൾക്ക് മൂന്നാംനിലയിൽ പ്രവർത്തിക്കുന്ന ഓഫീസിലെത്താൻ പ്രയാസമാണെന്നും പരാതിയിൽ പറയുന്നു. മഴക്കാലത്ത് പ്രായമായവർ കുത്തനെയുള്ള പടിക്കെട്ടിൽ തെന്നി വീഴാറുണ്ട്. നിരവധി സാധാരണക്കാർ നിത്യേന ആശ്രയിക്കുന്ന ഓഫീസാണെങ്കിലും ചിലരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഓഫീസ് മാറ്റാത്തതെന്ന് പരാതിയിൽ പറയുന്നു.

അടിയന്തിര നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ഭക്ഷ്യ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

## പിരിച്ചുവിട്ട ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകിയില്ലെങ്കിൽ ഓഫീസർമാർക്ക് ശമ്പളം നൽകരുത്

**വ**ട്ടിയൂർക്കാവ് സി-ആപ്റ്റിൽ (കേരള സ്റ്റേറ്റ് ഓഡിയോവിഷ്വൽ & റിപ്രോഗ്രാഫിക് സെന്റർ) നിന്നും 2002-ൽ പിരിച്ചുവിട്ട 419 ജീവനക്കാർക്ക് നൽകാനുണ്ടായിരുന്ന ശമ്പള കുടിശ്ശിക നൽകാതെ സ്ഥാപനത്തിലെ ഓഫീസർ തസ്തികയിലുള്ളവർക്ക് ശമ്പളം നൽകരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

പിരിച്ചുവിട്ട ജീവനക്കാരൻ രാജേഷ് ഡി. നായർ സമർപ്പിച്ച പരാതിയിലാണ് നടപടി.

സുപ്രീംകോടതി ഉത്തരവനുസരിച്ച് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുതന്നെ തെറ്റാണെന്നും ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്ഥാപനം അടച്ചുപൂട്ടണമെന്നും ജസ്റ്റീസ് ജെ. ബി. കോശി ഉത്തരവിൽ പറയുന്നു.

സ്ഥാപനത്തിന്റെ വസ്തുവകകൾ വിറ്റിട്ടാണെങ്കിലും ശമ്പളം നൽകണം.

ജോലിയില്ലാതെ കഴിയുന്ന പാവപ്പെട്ടവർക്ക് ജോലിചെയ്ത കാലത്തെ ശമ്പളം കൊടുക്കാതിരിക്കുന്നത് മനുഷ്യത്വരഹിതവും അനീതിയും മനുഷ്യാവകാശ ലംഘനവുമാണെന്നും ഉത്തരവിൽ പറയുന്നു.

ശമ്പളം കൊടുത്തില്ലെങ്കിൽ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരമുള്ള അധികാരികൾ മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

പരാതിക്കാരുടെ ശമ്പളകുടിശിക ഒരു മാസത്തിനകം നൽകിയില്ലെങ്കിൽ പിരിച്ചുവിട്ട തീയതി മുതൽ 9% പലിശ ഉത്തരവാദപ്പെട്ടവർ നൽകേണ്ടിവരുമെന്നും ഉത്തരവിൽ പറയുന്നു.

സർക്കാർ കമ്പനിയായതിനാൽ സർക്കാരിനും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ലെന്നും ഉത്തരവിലുണ്ട്.

## അഗ്നിബാധയിൽ വീട് നഷ്ടപ്പെട്ട യുവതിക്ക് 50,000 രൂപ ധനസഹായം നൽകണം

**താ**മസിക്കുന്ന വീട്ടിലുണ്ടായ അഗ്നിബാധയിൽ ഉടുതുണി പോലും നഷ്ടപ്പെട്ട തൊഴിൽരഹിതയായ യുവതിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സർക്കാർ 50,000 രൂപ നഷ്ടപരിഹാരം അനുവദിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. ഒന്നരവർഷം മുമ്പ് വീട് നഷ്ടപ്പെട്ട യുവതി അന്നുമുതൽ ധനസഹായത്തിനായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയായിരുന്നു.

കായിക്കര കോവിൽവട്ടം മൂലത്തോട്ടം സ്വദേശിനി വിമല സമർപ്പിച്ച പരാതിയിലാണ് നടപടി. കഴിഞ്ഞ വർഷം ജനുവരി 15-നാണ് വിമലയുടെ വീട് തീപിടിച്ച് നശിച്ചത്. ഒന്നരവർഷമായി വാടക വീട്ടിലാണ് താമസം.

കമ്മീഷൻ ജില്ലാകളക്ടറിൽ നിന്നും വിശദീകരണം തേടിയിരുന്നു. അഗ്നിബാധയിൽ ഒരു ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും വിമലയുടെ കുടുംബത്തിന്റെ വാർഷികവരുമാനം 3600 രൂപയാണെന്നും ജില്ലാകളക്ടർ കമ്മീഷനെ അറിയിച്ചു. കൂലിപ്പണി ചെയ്തു കുടുംബം പുലർത്തുന്ന വിമലക്ക് സാമ്പത്തിക ശേഷി തീരെയില്ലെന്നും വിശദീകരണത്തിലുണ്ട്. ചിറയിൻകീഴ് തഹസിൽദാർ മുഖേന കളക്ടർ അന്വേഷണം നടത്തിയിരുന്നു.

പാവപ്പെട്ട പരാതിക്കാരി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അർഹയാണെന്ന് ജസ്റ്റിസ് ജെ.ബികോശി ഉത്തരവിൽ പറയുന്നു. നഷ്ടപരിഹാര നടപടികൾ ത്വരിതപ്പെടുത്താൻ കമ്മീഷൻ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി. രണ്ട് മാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകിയ ശേഷം മൂന്നു മാസത്തിനകം ജില്ലാകളക്ടർ നടപടി റിപ്പോർട്ട് ഫയൽ ചെയ്യണമെന്നും ഉത്തരവിൽ പറയുന്നു.

# തമ്പാനൂർ റയിൽവേ സ്റ്റേഷന് മുമ്പിൽ മേൽപ്പാലം നിർമ്മിക്കണം

**തി**രുവനന്തപുരം : തമ്പാനൂർ ബസ് സ്റ്റേഷനിൽ നിന്നും റയിൽവേ സ്റ്റേഷനിലേക്കും തിരിച്ചും കാൽനടയാത്രക്കാർക്ക് വേണ്ടി ഒരു മേൽപ്പാലം സൗകര്യപ്രദമായ രീതിയിൽ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

സർക്കാരിന്റെയോ റയിൽവേയുടെയോ പൊതു- സ്വകാര്യസ്ഥാപനങ്ങളുടെയോ സഹായത്തോടെ മേൽപ്പാലം നിർമ്മിക്കാം. എം.പി, എം.എൽ.എ ഫണ്ടിൽ നിന്നും ഇതിനായി തുക സ്വരൂപിക്കാം.

മേൽപ്പാലത്തിൽ പരസ്യങ്ങൾ സ്ഥാപിച്ചും ഫണ്ട് സ്വരൂപിക്കാമെന്നും ഉത്തരവിൽ പറയുന്നു.

തമ്പാനൂരിലെ കാൽനടയാത്രികരുടെ പ്രശ്നങ്ങൾ കമ്മീഷൻ നേരിട്ട് കണ്ട് മനസിലാക്കിയ ശേഷം സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. മുതിർന്ന പൗരന്മാരും അംഗപരിമിതരും തങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കമ്മീഷനെ ഫോണിലൂടെയും കത്തിലൂടെയും അറിയിക്കുന്നുണ്ടെന്നും ഉത്തരവിൽ പറയുന്നു.

മേൽപാല നിർമ്മാണത്തെ കുറിച്ച് അടിയന്തിര പഠനം നടത്തി ചീഫ് സെക്രട്ടറിയും സതേൺ റയിൽവെ മാനേജരും നഗരസഭാസെക്രട്ടറിയും കമ്മീഷൻ മുമ്പാകെ വിശദീകരണം ഫയൽ ചെയ്യണം.

തമ്പാനൂർ സെൻട്രൽ റയിൽവെ സ്റ്റേഷനിൽ നിന്നും തമ്പാനൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലേക്കും തിരിച്ചും ഓരോ മണിക്കൂറിലും നൂറുകണക്കിനാളുകളാണ് റോഡ് മുറിച്ചു കടക്കുന്നതെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

ഇവരിൽ കാഴ്ചയില്ലാത്തവർക്കും മുതിർന്ന പൗരൻമാർക്കും അംഗപരമിതർക്കും റോഡ് മുറിച്ചുകടക്കാൻ സാധിക്കാറില്ല. റയിൽവേ-ബസ് സ്റ്റേഷനിലേക്ക് വരുന്ന വാഹനങ്ങൾ കാരണം റോഡ് മുറിച്ചു കടക്കാനാവുന്നില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## കമ്മീഷൻ ഇടപെടൽ: വിദ്യാഭ്യാസ ധനസഹായം അക്കൗണ്ടിലെത്തി

**സം**സ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കേണ്ട കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം ലഭിച്ചു. നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ് അധികൃതർ വിദ്യാഭ്യാസധനസഹായം കൈപ്പറ്റിയതായി തന്നിൽ നിന്നും എഴുതിവാങ്ങിയെങ്കിലും സഹായം നൽകിയില്ലെന്നായിരുന്നു പരാതി. ബാങ്ക് പാസ്ബുക്കും ആധാർ കാർഡും ബോർഡ് വാങ്ങി. തുക അക്കൗണ്ടിലേക്ക് അയക്കുമെന്ന് പറഞ്ഞതനുസരിച്ച് താൻ കാത്തിരുന്നെങ്കിലും ധനസഹായം കിട്ടിയില്ലെന്ന് മൈലക്കര മഞ്ചാടിമൂട് രാജിഭവനിൽ റ്റി. രവി കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രം നൽകണമെന്ന സർക്കാർ വ്യവസ്ഥ ഉള്ളതുകാരണമാണ് തുക നേരിട്ട് നൽകാൻ കഴിയാത്തതെന്ന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷനെ അറിയിച്ചു. വിദ്യാഭ്യാസ സഹായം പരാതിക്കാരന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ബോർഡ് മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

## ടൗൺഹാളിൽ ഇക്കൊല്ലം റാമ്പ് നിർമ്മിക്കും

**പ**ത്തനംതിട്ട ടൗൺഹാളിലേക്കും ഹാളിനുള്ളിലെ സ്റ്റേജിലേക്കും അംഗപരിമിതർക്ക് പ്രവേശിക്കാൻ 2014-15 സാമ്പത്തിക വർഷം റാമ്പ് നിർമ്മിക്കുമെന്ന് പത്തനംതിട്ട നഗരസഭ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയെ അറിയിച്ചു.

നഗരസഭക്ക് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ അവിടെയും റാമ്പ് നിർമ്മിക്കണമെന്ന് ജസ്റ്റിസ് ജെ.ബി.കോശി നഗരസഭക്ക് നിർദ്ദേശം നൽകി.

നടക്കാനോ പരസഹായമില്ലാതെ സഞ്ചരിക്കാനോ കഴിയാത്ത തനിക്ക് പത്തനംതിട്ട ടൗൺഹാളിൽ റാമ്പില്ലാത്തതിനാൽ പ്രവേശിക്കാനാവുന്നില്ലെന്ന ആനപ്പാറ സ്വദേശി തോലിയാനിക്കരയിൽ സി. റഷീദിന്റെ പരാതിയിലാണ് കമ്മീഷന്റെ നിർദ്ദേശാനുസരണം റാമ്പ് നിർമ്മിക്കാമെന്ന് നഗരസഭ കമ്മീഷന് ഉറപ്പു നൽകിയത്.

2014-15 സാമ്പത്തികവർഷം പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ റഷീദിന് അംഗപരിമിതരുടെ ക്ഷേമത്തിനായുള്ള കമ്മീഷനെ സമീപിക്കാമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

ടൗൺ ഹാളിലേക്കും സ്റ്റേജിലേക്കും പ്രവേശിക്കാൻ റാമ്പ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

എന്നാൽ നിലവിലെ നഗരസഭ ഓഫീസിൽ റാമ്പ് നിർമ്മിക്കാൻ സാങ്കേതിക തടസ്സമുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുണ്ട്. പുതിയ ഓഫീസ് സമീപഭാവിയിൽ നിർമ്മിക്കുമ്പോൾ റാമ്പ് നിർമ്മിക്കാമെന്നും നഗരസഭ കമ്മീഷനെ അറിയിച്ചു.

അംഗപരിമിതർക്ക് തുല്യാവസരം നൽകുന്ന നിയമത്തിൽ പൊതുസ്ഥാപനങ്ങളിൽ റാമ്പ് നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി അംഗപരി മിതർക്കായുള്ള കമ്മീഷൻ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

പത്തനംതിട്ട നഗരസഭ ടൗൺഹാളിൽ റാമ്പ് നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അംഗപരിമിതർക്കായുള്ള കമ്മീഷൻ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചതായി കമ്മീഷൻ വാർത്താ കുറിപ്പിൽ അറിയിച്ചു.

# കമ്മീഷൻ ഇടപെട്ടു: വിരമിച്ച ഉദ്യോഗസ്ഥന് 4 മാസത്തെ ശമ്പളം ലഭിച്ചു

**സം**സ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി സർവീസിൽ നിന്നും വിരമിച്ച സബ് ഇൻസ്പെക്ടർക്ക് സർക്കാർ നൽകാനുണ്ടായിരുന്ന 4 മാസത്തെ ശമ്പളം ലഭിച്ചു.

ഇലഞ്ഞി സ്വദേശി കെ.കെ. വിജയകുമാറിന്റെ പരാതിയാണ് പരിഹരിക്കപ്പെട്ടത്.

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ആംഡ് പോലീസ് ബറ്റാലിയനിലേക്ക് സ്ഥലം മാറ്റം ലഭിച്ച വിജയകുമാർ അഞ്ച് മാസത്തോളം നിയമനത്തിനായി കാത്തിരുന്നു. ഇക്കാലയളവിൽ ശമ്പളം കിട്ടിയിരുന്നില്ല.

ശമ്പളം നൽകണമെന്നാവശ്യപ്പെട്ട് പോലീസ് മേധാവിക്കും ബറ്റാലിയൻ എ.ഡി.ജി.പി ക്കും പരാതി നൽകിയിട്ടും ഫലമുണ്ടാകാത്തതിനെ തുടർന്നാണ് വിജയകുമാർ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചത്.

രണ്ട് പെൺകുട്ടികളുള്ള തനിക്ക് ശമ്പളമില്ലാതിരുന്ന കാലഘട്ടത്തിലുള്ള ബാധ്യത കാരണം ജീവിക്കാനാവുന്നില്ലെന്ന് വിജയകുമാർ പരാതിയിൽ പറഞ്ഞു.

കമ്മീഷൻ സംസ്ഥാനപോലീസ് മേധാവിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു.

തുടർന്ന് വിജയകുമാർ ഉൾപ്പെടെയുള്ള 24 ഉദ്യോഗസ്ഥർക്ക് നിയമനം ലഭിക്കാതിരുന്ന സമയം സർക്കാർ റഗുലറൈസ് ചെയ്യുകയായിരുന്നു. ഇതിനു ശേഷം വിജയകുമാറിന് ലഭിക്കേണ്ട അഞ്ച് മാസത്തെ ശമ്പളം സർക്കാർ നൽകിയതായി കമ്മീഷൻ വാർത്താകുറിപ്പിൽ അറിയിച്ചു.

# കമ്മീഷൻ ഇടപെടൽ; വീടിന്റെ ചുറ്റുമതിൽ വൈദ്യുതി ബോർഡ് നിർമ്മിച്ചു നൽകി

**തി**രുവനന്തപുരം മുട്ടത്തറ സ്വീവേജ് പ്ലാന്റിന് 11 കെ.വി. ഇലക്ട്രിക് സപ്ലൈ നൽകുന്നതിന് കേബിൾ ജോലി നടക്കുന്നതിനിടയിൽ തകർന്ന ശംഖുമുഖം സ്വദേശിയുടെ വീടിന്റെ ചുറ്റുമതിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് വൈദ്യുതി ബോർഡ് പുനർനിർമ്മിച്ചു നൽകി.

2013 മേയ് 24-നായിരുന്നു സംഭവം. 74 വയസ്സുള്ള തനിക്കും ഭാര്യക്കും മക്കൾക്കും വീടിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ സുരക്ഷാ ഭീഷണി ഉണ്ടെന്നാരോപിച്ച് ഫെലിക്സ് ഗോമസ് കമ്മീഷനിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

തകർന്ന മതിലിന് പകരം പുതിയ മതിൽ നിർമ്മിച്ച് നൽകാൻ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി.കോശി വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. മണൽ ഉപയോഗിച്ച് പ്ലാസ്റ്റർ ചെയ്യണമെന്ന ഫെലിക്സ് ഗോമസിന്റെ ആവശ്യം പരിഗണിക്കാത്തതിനാൽ തർക്കത്തെ തുടർന്ന് നിർമ്മാണം മുടങ്ങി.

കമ്മീഷൻ വീണ്ടും ഇടപെട്ടതിനെ തുടർന്ന് മതിൽ പൂശി വെള്ള തേച്ച്നൽകിയതായി ചീഫ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു

# നേഴ്സുമാരുടെ ശമ്പള കുടിശിക രണ്ട് മാസത്തിനകം നൽകണം; ഇല്ലെങ്കിൽ 9% പലിശ നൽകേണ്ടി വരും

**ഡെ**ങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന് നിയമിച്ച നേഴ്സുമാരുടെ ശമ്പളകുടിശിക രണ്ട് മാസത്തിനകം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

നിശ്ചിത സമയത്തിനുള്ളിൽ ശമ്പളം നൽകിയില്ലെങ്കിൽ 9 ശതമാനം പലിശ നൽകേണ്ടിവരുമെന്നും കമ്മീഷൻ ഉത്തരവിട്ടു.

ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് സ്റ്റാഫ് നേഴ്സുമാരുടെ റാങ്ക്ലിസ്റ്റിൽ നിന്നും 55 പേരെ താൽക്കാലികമായി വിവിധ ആശുപത്രികളിൽ നിയമിച്ചത്.


ഇവരുടെ സേവന കാലാവധി ഡി.എം.ഒ നീട്ടിക്കൊടുത്തു. 2013 മാർച്ച്വരെയുള്ള ശമ്പളം എൻ.ആർ.എച്ച്.എമ്മിൽ നിന്നും നൽകി. എന്നാൽ 2013 നവംബർ മുതൽ ശമ്പളമില്ലാതെ ഇവർ ജോലി ചെയ്യുകയാണ്. ഇവരുടെ ശമ്പളം പ്ലാൻഫണ്ടിൽ നിന്നും മാറി നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയെങ്കിലും മറുപടി കിട്ടിയില്ലെന്ന് ഡി.എം.ഒ കമ്മീഷനെ അറിയിച്ചു.

ആളുകളെ ജോലിക്ക് നിയമിച്ച ശേഷം ശമ്പളം കൊടുക്കാതിരിക്കുന്നത് സർക്കാരിന് ഭൂഷണമല്ലെന്ന് ഉത്തരവിൽ പറയുന്നു. ഇത് തികഞ്ഞ മനുഷ്യാവകാശ ലംഘനമാണ്.

പ്ലാൻഫണ്ടിൽ നിന്നോ മറ്റേതെങ്കിലും ഫണ്ടിൽ നിന്നോ ശമ്പളം നൽകണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

# ഇടതുകാലിനു പകരം വലതുകാലിൽ ശസ്ത്രക്രിയ; ഒരു ലക്ഷം നഷ്ടപരിഹാരം

ഇടതുകാലിന് പകരം വലതുകാലിന് ശസ്ത്രക്രിയ ചെയ്ത രോഗിക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ പാസാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരു ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചു.



കെ.ഇ. ഗംഗാധരൻ

തുക ശസ്ത്രക്രിയക്ക് ഉത്തരവാദിയായ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ, രാജേഷ് പുരുഷോത്തമനിൽ നിന്നും ഈടാക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ടിന് നിർദ്ദേശം നൽകി.

കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു സംഭവം. 2005-ൽ മാനന്തവാടി തരുവണ സ്വദേശി സി. എച്ച്. റഫീക്കിന് അടയ്ക്കാമരത്തിൽ നിന്നും വീണ് പരിക്കേറ്റിരുന്നു. തുടർന്ന് ശസ്ത്രക്രിയക്ക് ശേഷം റഫീക്കിന്റെ കാലിൽ കമ്പിയിട്ടു. 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ കമ്പി മാറ്റാൻ പ്രവേശിക്കപ്പെട്ടപ്പോഴാണ് ജൂനിയർ ഡോക്ടർ ഇടതുകാലിലെ കമ്പി മാറ്റുന്നതിന് വലതുകാലിൽ ശസ്ത്രക്രിയ നടത്തിയത്.

കാൽ മാറിപ്പോയെന്ന് മനസ്സിലാക്കിയപ്പോൾ ഇടതുകാലിലും ശസ്ത്രക്രിയ നടത്തി.

കാലുമാറി ശസ്ത്രക്രിയ നടത്തിയത് പിഴവാണെങ്കിലും മനുഷ്യസഹജമായ അബദ്ധമാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കമ്മീഷനെ അറിയിച്ചു. പ്രസ്തുത വിശദീകരണം കമ്മീഷൻ തള്ളിയാണ് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവിട്ടത്. തുക അനുവദിച്ച വിവരം സർക്കാർ കമ്മീഷനെ അറിയിച്ചു.

# മലബാർ ദേവസ്വംബോർഡിൽ ശമ്പളമോ ആനുകൂല്യങ്ങളോ ഇല്ല; വിശദീകരണം തേടി

മലബാർ ദേവസ്വംബോർഡ് ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും സർക്കാർ നിരക്കിൽ നൽകാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ കേസെടുത്ത് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നോട്ടീസയച്ചു.

പരാതിയെ കുറിച്ച് പഠിച്ച് ഒരു മാസത്തിനകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലെ പതിനെട്ടോളം ശാന്തിമാരും മറ്റ് ജീവനക്കാരും സമർപ്പിച്ച പരാതിയിലാണ് നടപടി. വർഷാവർഷം ഇൻക്രിമെന്റോ പ്രൊമോഷനോ നൽകാറില്ലെന്ന് പരാതിയിൽ പറയുന്നു.

മുപ്പതു വർഷം പൂർത്തിയാക്കിയവർക്ക് പോലും ശമ്പള വർദ്ധന അനുവദിക്കുന്നില്ല. സർവ്വീസ് ബുക്ക് സൂക്ഷിക്കാറില്ല. ലീവ് സറണ്ടർ ആനുകൂല്യങ്ങൾ നൽകാറില്ല. ചികിത്സാസഹായംപോലും ലഭിക്കാത്തതിനാൽ കുടുംബം പ്രതിസന്ധിയിലാണ്. ബോർഡ് ഉദ്യോഗസ്ഥർക്ക് പരാതി നൽകിയിട്ടും ഫലമില്ല.

# ജി.എസ്. രാജേഷിന് പോലീസ് മെഡൽ



തിരുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ പെഴ്സണൽ സെക്യൂരിറ്റി ഓഫീസർ ജി.എസ്. രാജേഷിന് വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ലഭിച്ചു. തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ സീനിയർ സിവിൽ പോലീസ് ഓഫീസറാണ് രാജേഷ്. 2014 ലെ റിപ്പബ്ലിക് ദിനത്തിന് പ്രഖ്യാപിച്ച മെഡൽ സ്വാതന്ത്ര്യ ദിനത്തിൽ സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന പരേഡിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ നിന്നും രാജേഷ് ഏറ്റുവാങ്ങി. തിരുവനന്തപുരം വട്ടിയൂർക്കാവ് പ്ലാവോട് ആനയറ വീട്ടിൽ പരേതനായ എൻ. ഗംഗാധരൻ പിള്ളയുടേയും ആർ. സുമതിയമ്മയുടേയും മകനാണ്. ഭാര്യ റീജ ആർ നായർ. മകൾ നന്ദന രാജേഷ്.



# മനുഷ്യാവകാശ കമ്മീഷൻ ഇടപെടൽ; സാമൂഹ്യ സുരക്ഷാമിഷനിൽ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിൽ

**തി**രുവനന്തപുരം: സാമൂഹ്യ സുരക്ഷാ മിഷനിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണെന്നും അത് പൂർത്തിയാക്കുന്നതോടെ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഇല്ലാതാകുമെന്നും സുമൂഹ്യസുരക്ഷാമിഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

സാമൂഹ്യ സുരക്ഷാമിഷനിൽ പാവങ്ങൾക്കു ലഭിക്കുന്ന വിവിധ ധന സഹായങ്ങൾക്കുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതിനെതിരെ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി പാസാക്കിയ ഉത്തരവിനെ തുടർന്നാണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാൻ തീരുമാനിച്ചത്.

സംസാരശേഷിയും കാഴ്ചശക്തിയും ശാരീരിക വളർച്ചയുമില്ലാത്ത യുവാവ് തന്നെ പരിചരിക്കുന്ന അമ്മക്ക് ആശ്വാസകിരണം പദ്ധതി വഴി സഹായം നൽകണമെന്ന് ആവശ്യപ്പെട്ട് സാമൂഹ്യസുരക്ഷാമിഷനിൽ സമർപ്പിച്ച അപേക്ഷയാണ് 6 മാസത്തോളായി കെട്ടികിടന്നത്.

അപേക്ഷ പരിഗണിക്കാനുണ്ടായ കാലതാമസത്തെ കുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കാൻ കമ്മീഷൻ സാമൂഹ്യനീതിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. എസ്. ഗുരുലാലാണ് അപേക്ഷ നൽകിയത്.

കമ്മീഷൻ ഇടപെടലിനെ തുടർന്ന് ഗുരുലാലിന്റെ അമ്മ എൻ. ലളിതാംബികക്ക് 5 മാസത്തെ കുടിശിഖയായ 2625 രൂപ ഇലക്ടോണിക് മണി ഓർഡറായി അയച്ചുകൊടുത്തു.

മിഷനിൽ ആകെ 19 തസ്തികകളാണുള്ളതെന്നും 15 ൽ പരം പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനത്തിൽ ജീവനക്കാരുടെ ദൗർലഭ്യം അനുഭവിക്കുകയാണെന്നും സുരക്ഷാമിഷൻ കമ്മീഷനെ അറിയിച്ചു.

2011-ൽ മാസം 3000 ഗുണഭോക്താക്കൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2012 ൽ മാസം 20494 ഗുണഭോക്താക്കളുണ്ടായി.